അതുകൊണ്ട് സ്പീക്കർതന്നെ അക്കാര്യത്തിൽ മുൻകൈയെടുത്ത് ഒരു നിശ്ചിത പീരീഡിനുള്ളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള ഒഫിഷ്യൽ ബില്ലായി അത്തരം നിയമങ്ങൾ കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം. പ്രത്യേകിച്ച്, ഞാൻ സ്പോർട്സ് ബില്ലിന്റെ കാര്യം പറയുകയാണ്.

മി. സ്പീക്കർ : കറക്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : ഗവൺമെന്റ് അങ്ങനെ ബിൽ കൊണ്ടുവരാമെന്ന് ഉറപ്പുതന്നിട്ട്, കൊണ്ടുവരാതിരിക്കുന്ന സമീപനം സ്വീകരിക്കുന്നു എന്നു പറഞ്ഞത് ശരിയല്ല. പ്രൈവറ്റ് മെംബേഴ്സിന്റെ ബില്ലിന് തത്തുല്യമായ ബില്ലുകൾ പലതും ഇതിനുമുമ്പ് വന്നിട്ടുണ്ട്; ഇനിയും വരും. ഇതുതന്നെ അതിനൊരു ഉദാഹരണമാണ്.

മി. സ്പീക്കർ : ഇതൊരു നല്ല തുടക്കമാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ഒരുപക്ഷേ ഇത് ആദ്യത്തേതായിരിക്കും. ഇതിന്റെ പേരിൽ അദ്ദേഹത്തിന് സ്വകാര്യ ബിൽ പിൻവലിക്കേണ്ടി വന്നല്ലോ.

ശ്രീ. സി.പി. ബാലൻവൈദ്യർ : ഈ ബിൽ പാസ്സാക്കുന്നതുകൊണ്ടാണ് എന്റെ ബിൽ പിൻവലിച്ചത്.

മി. സ്പീക്കർ : അത് നല്ലതുതന്നെ.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1999-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ[†] പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഈ രണ്ട് ഭേദഗതികളും അംഗീകരിക്കാതെതന്നെ സ്വയം വ്യക്തമാണ്. അതുകൊണ്ട് ഭേദഗതികൾ സ്വീകാര്യമല്ല.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. എം നാരായണൻ (കുഴൽമന്ദം) അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : പ്രസ് ചെയ്യുന്നില്ല.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

മി. സ്പീക്കർ : ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : പ്രസ് ചെയ്യുന്നില്ല.

ശ്രീ. എം.വി. ഗോവിന്ദൻമാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

(107) വകുപ്പ് 2 (സി) താഴെപ്പറയും പ്രകാരം മാറ്റുക.

"(സി) ചീഫ് എക്സിക്യൂട്ടീവ് എന്നാൽ 10-ാം വകുപ്പിന് കീഴിൽ നിയമിക്കപ്പെട്ട ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് എന്നർത്ഥമാകുന്നു."

(124) വകുപ്പ് 2 (കെ)യിൽ "മറ്റു വ്യവസായ സംരംഭങ്ങൾ" എന്നതിനുശേഷം "പരമ്പരാഗത വ്യവസായങ്ങൾ" എന്ന് ചേർക്കുക.

സർ, ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ച ദിവസം ഉണ്ടായിരുന്നില്ല. ചില കാര്യങ്ങൾ ഇവിടെ ചർച്ചയിൽ ഉന്നയിച്ചതാണ്. അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ വ്യവസായ വകുപ്പുമന്ത്രിയുടെ പ്രത്യേകമായ ശ്രദ്ധയിൽ വരേണ്ടതും ചില തീരുമാനങ്ങൾ എടുക്കേണ്ടതുമുണ്ട്. അതുകൊണ്ട് ഒന്ന് രണ്ട് കാര്യങ്ങൾ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു; പ്രത്യേകിച്ച് ഇവിടെ അധികമാരും സംസാരിക്കാൻ ഇല്ലാത്തതുകൊണ്ട് ഫണ്ട് രൂപീകരിക്കുമ്പോൾ പൊതുമേഖലാ വ്യവസായങ്ങളും മറ്റ് വ്യവസായങ്ങളും എന്ന് പറയുന്നുണ്ട്. അതിൽ അഗ്രോ ബേസ്ഡ് ഇൻഡസ്ട്രീസ്, പൊതുമേഖലാ വ്യവസായങ്ങൾ അല്ലാത്ത, സഹകരണ മേഖലയിൽ വരുന്ന വ്യവസായങ്ങളും പരമ്പരാഗത വ്യവസായങ്ങളും വരും. പ്രത്യേകിച്ച് കയർ ഉൾപ്പെടെയുള്ള നമ്മുടെ പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കാൻകൂടി ഇതിനകത്ത് ഉദ്ദേശമുണ്ടാകണം, ഒരുപക്ഷേ അത് ഇതിനകത്ത് വരുമായിരിക്കാം. മറ്റുവ്യവസായങ്ങൾ എന്ന് പറയുമ്പോൾ കേരളത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട വ്യവസായങ്ങൾ കയർ, കശുവണ്ടി, കൈത്തറി, ബീഡി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങളാണ്. അതുകൊണ്ട് പരമ്പരാഗത വ്യവസായങ്ങളെക്കൂടി സംരക്ഷിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

പുനരുദ്ധരിക്കുവാൻ നിയമത്തിൽത്തന്നെ വ്യവസ്ഥ വേണം. രണ്ടാമത്തേത് 'ഫണ്ട് മാനേജർ' എന്നുള്ളതിനെ സംബന്ധിച്ചാണ്. ഇത് സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്തതാണ്. ഇത്ര വലിയ സാമ്പത്തികാധികാരങ്ങൾ ഉൾപ്പെടെ വിപുലമായ അധികാരങ്ങളുള്ള ഒരു സമിതി, അതിന്റെ ഫണ്ടിന്റെ ചുമതല ഏൽക്കുന്ന ആളിനെ, ഫണ്ട് മാനേജർ എന്നുള്ള പേര് പറയുമ്പോൾ അതിന്റെ വെയ്റ്റ് പോകുകയാണ്, അത് അനുയോജ്യമല്ല; ഞാൻ ആ പോസ്റ്റിന് ചീഫ് എക്സിക്യൂട്ടീവ് എന്നു പേര് നിർദ്ദേശിച്ചിട്ടുണ്ട്. ചീഫ് എക്സിക്യൂട്ടീവ് പോരായെങ്കിൽ അതിനേക്കാൾ കുറച്ചുകൂടി യോജിച്ച പേര് മന്ത്രിതന്നെ തീരുമാനിക്കണം. സബ്ജക്ട് കമ്മിറ്റിയിൽ ഇതേക്കുറിച്ച് ആലോചിച്ചിട്ട് അവിടെ ഒരഭിപ്രായം വന്നില്ല. 'ഫണ്ട് മാനേജർ' എന്നുള്ളതിന് പോരായ്മയുണ്ട്. തുടർന്നുള്ള ഭേദഗതികളിൽ ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്. അതു സംബന്ധിച്ച് പിന്നീട് സൂചിപ്പിക്കാം.

മി. സ്പീക്കർ : മറ്റ് ഭേദഗതികളൊന്നും ഇല്ല.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ശ്രീ. രാജേന്ദ്രൻ ഇവിടെ സൂചിപ്പിച്ച രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്ന്, ഇതിന്റെ ഫണ്ട് തുക വർദ്ധിപ്പിക്കണമെന്നുള്ള കാര്യമാണ്. വാസ്തവത്തിൽ ഇന്നുള്ള ഫണ്ട് പ്രയോജനപ്പെടുത്തുന്നത് എങ്ങനെയെന്ന് നോക്കി അതിന്റെ ഫലങ്ങൾ അനുഭവപ്പെട്ടിട്ടുവേണം മറ്റ് കാര്യങ്ങൾക്ക് കൊടുക്കാൻ. ആവശ്യമായി വരുകയാണെങ്കിൽ കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം അപ്പോൾ തീരുമാനിക്കാം. പരമ്പരാഗത വ്യവസായത്തെപ്പറ്റിയും അപ്പോൾ തീരുമാനിക്കാം. അഗ്രോ ബേസ്ഡ് ഇൻഡസ്ട്രീസ് പരമ്പരാഗത വ്യവസായത്തിൽ വരുന്നതാണ്, ആവശ്യമാണെങ്കിൽ അതിന് ഫണ്ട് കൊടുക്കാൻ ഇന്ന് ഉപയോഗപ്പെടുത്താവുന്നതാണ്. അഗ്രോ ബേസ്ഡ് ഇൻഡസ്ട്രീസിലാണ് കയർ, കശുവണ്ടി അതുപോലെയുള്ള സ്ഥാപനങ്ങൾ വരുന്നത്. അതുകൊണ്ട് അതിന് കൊടുക്കാൻ വിഷമമുണ്ടാകുകയില്ല. അടുത്തതായി 'ഫണ്ട് മാനേജർ' എന്നുള്ളതാണ്. ചീഫ് എക്സിക്യൂട്ടീവ് എന്നൊക്കെ കേട്ടു, അത് ഇംഗ്ലീഷിൽ ഉള്ളതാണ്. നമ്മൾ പലപ്പോഴും അതാണ് ഉപയോഗിക്കുന്നത്, അതിന്റെ ഒരു മനോഹാരിതയാണ് നമ്മുടെ മനസ്സിലിരിക്കുന്നത്. ഞങ്ങൾ വളരെയധികം മലയാളം വാക്കുകൾ പരിശോധിച്ചു. അവസാനം 'ഫണ്ട് മാനേജർ' തന്നെ മതി എന്നുള്ള തീരുമാനത്തിലാണ് എത്തിച്ചേർന്നത്. അതുകൊണ്ടാണ് അങ്ങനെ പേര് കൊടുത്തത്. അതിനേക്കാൾ മനോഹരമായ പേര് ഇപ്പോൾ ഇല്ലാത്തതുകൊണ്ടാണ്, ഫണ്ട് മാനേജ് ചെയ്യുന്ന ആൾ, അല്ലെങ്കിൽ ഫണ്ട് കൈകാര്യം ചെയ്യുന്ന ആൾ എന്ന അർത്ഥത്തിൽ ഫണ്ട് മാനേജർ എന്ന് ചേർത്തത്.

മി. സ്പീക്കർ : ചില വാക്കുകൾ അതേപടി സ്വീകരിക്കേണ്ടി വരും, അത് നമ്മുടെ ഭാഷയുടെ ഭാഗമായിട്ട് മാറും. മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്ക് ഇങ്ങനെ വാക്കുകൾ പോകാറുണ്ട്. ഉദാഹരണം കഞ്ഞി, ഇഡ്ഡലി ഇതൊക്കെ ഇപ്പോൾ ഇംഗ്ലീഷ് വാക്കുകളാണ്.

ശ്രീമതി സുശീലാ ഗോപാലൻ : അതാണ് ഉദ്ദേശിച്ചത്, ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ.പി. രാജേന്ദ്രൻ, അങ്ങയുടെ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ.പി. രാജേന്ദ്രൻ : പ്രസ് ചെയ്യുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(129) വകുപ്പ് 3(2)(സി)യിൽ "ഗ്രാന്റുകളും" എന്ന വാക്കിനുശേഷം "സംഭാവനകളും" എന്ന വാക്ക് ചേർക്കുക.

(131) വകുപ്പ് 3(2)(ഡി)യിൽ "വർദ്ധിപ്പിക്കുന്നതിന്" എന്ന വാക്കിനുശേഷം "സർക്കാരിന്റെ അനുമതിയോടെ" എന്ന വാക്കുകൾ ചേർക്കുക.

(141) വകുപ്പ് 3(4)-ൽ (എ)യിൽ "മറ്റ് വ്യവസായ സംരംഭങ്ങളേയോ" എന്നതിനുശേഷം "പരമ്പരാഗത വ്യവസായങ്ങളേയോ" എന്ന് കൂട്ടിച്ചേർക്കുക.

(143) വകുപ്പ് 3(4)(ബി)യുടെ പ്രാരംഭത്തിൽ "പരമ്പരാഗത വ്യവസായങ്ങൾക്കും" എന്ന് ചേർക്കുക.

(151) വകുപ്പ് 3(5)-ൽ "സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ധനകാര്യ സ്ഥാപനങ്ങളിലോ" എന്ന വാക്കുകൾക്കുശേഷം "സംസ്ഥാന സഹകരണ ബാങ്കിലോ ജില്ലാ സഹകരണ ബാങ്കുകളിലോ" എന്നു ചേർക്കുക.

131-ാം നമ്പർ ഭേദഗതി വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് മറ്റ് മാർഗ്ഗങ്ങളിൽ കൂടി എന്നു പറഞ്ഞാൽ അതിൽ ഒരു അവ്യക്തത ഉണ്ട്. പല തരത്തിലും ഇതിലേയ്ക്കുള്ള വരുമാനം വർദ്ധിപ്പിക്കാം. അത് ഞാൻ വേറെ ഭേദഗതിയായി കൊടുത്തിട്ടുണ്ട്. ഗവൺമെന്റ് ഗ്രാന്റ്, അതുപോലെ കിട്ടുന്ന വായ്പകൾ നമുക്ക് കിട്ടുന്ന പലതരത്തിലുള്ള സംഭാവനകൾ എന്നിവ ഉണ്ട്. പബ്ലിക് സെക്ടറിനെ സഹായിക്കാൻ ഗവൺമെന്റിന് ഒരു ബാദ്ധ്യതയുണ്ട്. ലാഭകരമായി പ്രവർത്തിക്കുന്ന പബ്ലിക് സെക്ടർ സ്ഥാപനങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ പലതവണ ആവർത്തിച്ചു പറഞ്ഞിട്ടുള്ളതാണ്, ഉദാഹരണത്തിന് കെ.എം.എം.എൽ. പോലെയുള്ള സ്ഥാപനങ്ങൾ 100 കോടി രൂപയുടെ ലാഭം ഈ വർഷം ഉണ്ടാക്കി. പ്രധാനപ്പെട്ട പബ്ലിക് സെക്ടർ സ്ഥാപനങ്ങൾ നല്ല ലാഭമുണ്ടാക്കുന്നുണ്ട്. അവയുടെ ഭാഗത്തുനിന്നും ഒരു സംഭാവന അവയുടെ നിയമത്തിലൊക്കെ വ്യവസ്ഥ വേണ്ടിവരും - അങ്ങനെ സംഭാവന സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടാകണം, ഇതിനകത്ത് ഒരു വകുപ്പ് ഉണ്ടാക്കണം. ബോർഡിലേക്ക് വരുമാനം വർദ്ധിപ്പിക്കാൻ മറ്റ് മാർഗ്ഗങ്ങൾ എന്നുള്ളത് ഒരു ഭേദഗതിയായി കൊണ്ടുവന്നതാണ്. അത് സർക്കാരിന്റെ അനുമതിയോടുകൂടിയായിരിക്കണം. ബോർഡിന്റെ എക്സിക്യൂട്ടീവ് തീരുമാനിച്ചാൽ മാത്രം പോരാ, ഗവൺമെന്റിന്റെ അനുവാദത്തോടുകൂടിയായിരിക്കണം അത് സ്വീകരിക്കേണ്ടത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഇന്ന് സംഭാവനകൾ കൊടുക്കാൻ വകുപ്പില്ല. അതുകൊണ്ട് പൊതുമേഖലാ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുടെ പണം അല്ലാതെതന്നെ എങ്ങനെ വിനിയോഗിക്കാൻ കഴിയുമെന്നുള്ള കാര്യം നോക്കണം. ഇന്ന് ലാഭത്തിൽ പ്രവർത്തിക്കുന്ന കെ.എം.എം.എൽ. പോലെയുള്ള സ്ഥാപനങ്ങൾ വിപുലമായ എക്സ്പാൻഷൻ പരിപാടികൾ എടുത്തിട്ടുള്ളതുകൊണ്ട് അത്തരം സ്ഥാപനങ്ങളിൽനിന്ന് സംഭാവന പ്രതീക്ഷിക്കാവുന്നതാണ്. സംഭാവനകൾ ഇല്ലാതെ ഗ്രാന്റുകൾകൊണ്ടും മറ്റ് ധനസഹായങ്ങൾകൊണ്ടും ഇന്ന് കാര്യങ്ങൾ നടത്തുന്നു. ഇതിന്റെ സംവിധാനം ആകെത്തന്നെ ആ ഷോർട്ട് പീരിഡിലേക്ക് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. അതുകൊണ്ട് സംഭാവനകൾ വയ്ക്കാതെതന്നെ ആ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയുമെന്നുള്ള പ്രതീക്ഷയാണ് ഉള്ളത്. ഭാവിയിൽ നമുക്ക് അങ്ങനെ തോന്നിയാൽ ഈ കാര്യങ്ങൾ പരിഗണിക്കാം. ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി അംഗീകരിക്കാവുന്നതാണ്. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 129, 141, 143, 151 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(153) വകുപ്പ് 4 (1)-ൽ "മേൽനോട്ടം വഹിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും" എന്നതിനുശേഷം "സഹായിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും" എന്ന് കൂട്ടിച്ചേർക്കണം.

(155) വകുപ്പ് 4 (3)-ൽ "ഉണ്ടായിരിക്കേണ്ടതും" എന്ന് കഴിഞ്ഞ് "ഇവരിൽ മൂന്നുപേർ വിദഗ്ദ്ധൻമാരായിരിക്കേണ്ടതും, നാലുപേർ സർക്കാരിന്റെ വ്യവസായം, ധനകാര്യം, നിയമം എന്നീ വകുപ്പുകളെ പ്രതിനിധീകരിക്കുന്നവരും ആയിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

(160) വകുപ്പ് 4 (4)-ൽ "ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ" എന്നത് "ബോർഡിലെ വിദഗ്ദ്ധ ഡയറക്ടർമാരിൽനിന്ന് ഒരാളെ" എന്ന് മാറ്റുക.

(161) വകുപ്പ് 4 (4)-ൽ "അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കേണ്ടതാണ്" എന്നതിനു പകരം "അതിന്റെ പൂർണ്ണസമയ ചെയർമാനായി സർക്കാർ നിയമിക്കേണ്ടതാണ്" എന്ന് ഭേദഗതി ചെയ്യണം.

സർ, മേൽനോട്ടം വഹിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും എന്നു പറഞ്ഞാൽ ഏത് രീതിയിലും നടത്തിക്കൊണ്ടുപോകാം. പക്ഷേ അതിനെ മെച്ചപ്പെട്ട രീതിയിലേയ്ക്ക് കൊണ്ടുപോകണം. നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളെയാണ് സഹായിക്കുന്നത്, അതിനെ വയബിൾ യൂണിറ്റായി മാറ്റുക എന്ന ഉത്തരവാദിത്വംകൂടി വഹിക്കണം. എങ്ങനെയും സ്ഥാപനങ്ങളെ നടത്തിക്കൊണ്ടുപോകാം. അതു

LIBRARY ARCHIVES Kerala Legislative Assembly

പോര. പല പബ്ലിക് സെക്ടർ സ്ഥാപനങ്ങളും നടത്തിക്കൊണ്ടുപോകുന്നത് നമ്മൾ കാണുന്നതാണ്, പല ചർച്ചകളിലും പരിശോധനയിലും മനസ്സിലാക്കുന്നതാണ്. അത്തരം നടത്തിക്കൊണ്ടുപോകൽ മാത്രം പോരാ. അത് ഏൽപ്പിച്ചുകൊടുക്കുന്ന ഉദ്യോഗസ്ഥർ, അല്ലെങ്കിൽ ഉത്തരവാദപ്പെട്ട ഇതിന്റെ ആളുകൾ അത് വയബിൾ യൂണിറ്റാക്കാൻ, നഷ്ടത്തിൽനിന്ന് അതിനെ കരകയറ്റി പുനരുദ്ധരിപ്പിച്ച് കൊണ്ടുവരാനുള്ള ഉത്തരവാദിത്വംകൂടി വഹിക്കണമെന്നാണ് ഒരു ഭേദഗതി. മറ്റൊന്ന് വകുപ്പ് 4 (4)-ൽ വിദഗ്ദ്ധ മെമ്പർമാരെ വയ്ക്കുന്നതിനെ സംബന്ധിച്ച് പറയുന്നുണ്ട്. ഗവൺമെന്റ് ചീഫ് സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി, ജോയിന്റ് സെക്രട്ടറി..... വിദഗ്ദ്ധ മെമ്പർമാർ അത്ര വലിയ വിദഗ്ദ്ധർ ആണോ എന്നൊക്കെ സംശയമുണ്ട്. വ്യവസായവുമായി ഒരു ബന്ധവും ഇല്ലാത്തവരും വിദഗ്ദ്ധ മെമ്പർമാരായിട്ട് വരുന്നുണ്ട്. വിദഗ്ദ്ധ മെമ്പറായി വയ്ക്കുന്നതിൽ വളരെ വ്യക്തതയുണ്ടായിരിക്കണം. ആ മൂന്നു പേരായിരിക്കണം ഈ ബോർഡിന്റെ ഏറ്റവും പ്രധാനപ്പെട്ടവർ, ബോർഡിന്റെ ചുക്കാൻ പിടിക്കുന്നത്. അതുകൊണ്ട് ആ വിദഗ്ദ്ധ മെമ്പർ എന്നുള്ളത് വളരെ വ്യക്തമായിത്തന്നെ നിഷ്കർഷിക്കണം. അതാണ് എന്റെ ഒരു ഭേദഗതി. മറ്റൊന്ന്, ഡയറക്ടർ ബോർഡ് മെമ്പർമാരുടേതിൽ അതിന്റെ ചെയർമാൻ, മുഖ്യ ചുമതലക്കാരൻ ആയിരിക്കണം; ഫുൾടൈം ആയിരിക്കണം. മറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥർക്കും, സെക്രട്ടറിമാർക്കും ഒരുപാട് ഉത്തരവാദിത്വങ്ങൾ കാണും. അതിന്റെ കൂട്ടത്തിലാണ് ഇതിന്റെ ചുമതല വഹിക്കുന്നത്. ഇതിന്റെ ചെയർമാൻ ആയിട്ട് ഗവൺമെന്റ് നിശ്ചയിക്കുന്നത് ഈ വിദഗ്ദ്ധ മെമ്പർമാരിൽ ഒരാളെയായിരിക്കുകയും വേണം. അത് ഇതിന്റെ ഒരു പൂർണ്ണ സഭയാണ്. അത് കുറച്ചു കാലത്തേക്കേയുള്ളൂ എങ്കിലും വളരെ വലിയ ഒരു ജോലിയാണ് ഈ നിയമത്തിൽക്കൂടി ഏൽപ്പിച്ചുകൊടുക്കുന്നത്. കാരണം കേരളത്തിലെ പൊതുമേഖലയെ മുഴുവൻ സംരക്ഷിക്കാനും പുനരുദ്ധരിക്കാനുമാണ് ഇത്. അതിന് ഫുൾടൈം ചെയർമാൻ തന്നെ ഉണ്ടായിരിക്കണം.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഫണ്ട് മാനേജ് ചെയ്യുന്നതിന് വളരെ ഫലപ്രദമായ ഒരു കമ്മിറ്റി എന്നുള്ള നിലയ്ക്കാണ് നാല് പ്രധാനപ്പെട്ട ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരെ ഉദ്ദേശിച്ചിട്ടുള്ളത്. അതിനുപുറമേ മൂന്ന് എക്സ്പെർട്ട്സ് ഉണ്ട്. എക്സ്പെർട്ട്സ് എന്നുപറഞ്ഞാൽ എക്സ്പെർട്ട്സ് തന്നെയായിരിക്കും. എക്സ്പെർട്ട് മെമ്പർമാരും ഇതിനകത്ത് വരാവുന്നതാണ്. വിദഗ്ദ്ധരെത്തന്നെയാണ് ബോർഡ് മാനേജ് ചെയ്യുന്നതിനുവേണ്ടി നമ്മൾ ഉദ്ദേശിച്ചിട്ടുള്ളത്. ഇതിനകത്തു പറഞ്ഞിരിക്കുന്ന കാര്യങ്ങൾ തന്നെ സാധാരണഗതിയിൽ പറയുന്നതാണ്. പക്ഷെ പിന്നീട് വയ്ക്കാറില്ല. ഇത് അതല്ല. പ്രത്യേകിച്ചും വളരെ പ്രധാനപ്പെട്ട ഉദ്ദേശത്തോടുകൂടി പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് പണം നൽകുന്നത്. അതുതന്നേയുമല്ല പെർഫോർമൻസ് കോൺട്രാക്ടും ഉൾപ്പെടും. ഈ ബിൽ മാത്രമല്ല നമ്മുടെ വ്യവസായ നയംകൂടി വച്ചുകൊണ്ടുവേണം ഈ കാര്യം സാധിക്കാൻ അതിനകത്ത് പ്രധാനമായി പറഞ്ഞിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പണം കൊടുക്കുമ്പോഴും അവർ പ്രോജക്ട് റിപ്പോർട്ട് ഉണ്ടാക്കുമ്പോഴും പെർഫോർമൻസ് കോൺട്രാക്ടുകൂടി ഒപ്പിട്ടു കൊണ്ടു വേണം കൊടുക്കേണ്ടത് എന്നാണ്. നിരന്തരമായ ചെക്കപ്പ് ഉണ്ടാകും. ഇപ്പോൾത്തന്നെ ആവശ്യമായ രീതിയിൽ കുറെ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. അത് പോരാ. പോരാത്തതിന്റെ ഒരു പ്രധാനമായ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

ഫണ്ടാണ്. അതുകൂടി കൊടുത്തുകഴിഞ്ഞാൽ ചെക്കിംഗ് ഇല്ലാതെ വിടുകയില്ല. ഈ ഓരോ പൈസയും ഫലപ്രദമായി പൊതുമേഖലയ്ക്കുവേണ്ടി ഉപയോഗിച്ചു എന്നുപറയേണ്ടത് ഈ രാജ്യത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ഇതിനുള്ള എല്ലാ പ്രിക്കോഷനറി മെഷേഴ്സും ഉണ്ടായിരിക്കും എന്ന് ഞാൻ ഉറപ്പു നൽകുന്നു. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 153, 155, 160, 161 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(174) വകുപ്പ് 5 (1) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക

"(1)4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഡയറക്ടർമാർ മൂന്നു വർഷമോ അല്ലെങ്കിൽ അടുത്ത ബോർഡ് രൂപീകരിക്കുന്നതുവരെയോ തുടരാവുന്നതാണ്".

(175) വകുപ്പ് 5(2)-ന്ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് കൂട്ടിച്ചേർക്കുക

"(3)4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഡയറക്ടർമാരെ ആക്ടിലോ പദ്ധതിയിലോ നിർണ്ണയിച്ചിട്ടുള്ളപ്രകാരം രേഖാമൂലം നോട്ടീസ് നൽകി നീക്കം ചെയ്യാവുന്നതാണ്".

ഈ ഭേദഗതി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്ന ബോർഡിന്റെ തന്നെ പീരീഡിനെ സംബന്ധിച്ചുള്ളതാണ്. അത് നന്നായി പരിശോധിക്കേണ്ടതാണ്. അതിനകത്ത് മിസ്റ്റേക്ക് വന്നതുപോലെ ഒരു സംശയമുണ്ട്. 5-ാം വകുപ്പ് (1)-ൽ 4-ാം വകുപ്പ് 3-ാം ഉപവകുപ്പ് എന്ന് മാറ്റി എഴുതേണ്ടതാണ്. 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെടുന്ന ഡയറക്ടർമാർ 3 വർഷമോ അല്ലെങ്കിൽ അടുത്ത ബോർഡ് രൂപീകരിക്കുന്നതുവരെയോ തുടരേണ്ടതാണ്. സാധാരണ ബോർഡുകളിൽ അങ്ങനെയാണ് വരുന്നത്. 3 വർഷം എന്നു പീരീഡ് നിശ്ചയിച്ചാൽ ആ പീരീഡിനുള്ളിൽ അടുത്ത ബോർഡ് കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നതുവരെ അവർ തുടരണം. അത് ഒരു സാങ്കേതികത്വമാണ്. അതുപോലെ ഡയറക്ടർമാരെ ആക്ടിലോ പദ്ധതിയിലോ നിർണ്ണയിച്ചിട്ടുള്ളപ്രകാരം രേഖാമൂലം നോട്ടീസ് നൽകി നീക്കം ചെയ്യാവുന്നതാണ് എന്നു മാറ്റണം അതാണ് എന്റെ 175-ാം നമ്പർ ഭേദഗതി. അതല്ലാതെ അവരെ നീക്കം ചെയ്യുക എന്നു പറഞ്ഞാൽ വെറുതെ നീക്കം ചെയ്യുക എന്നല്ല, രേഖാമൂലം അവർക്ക് നോട്ടീസ് കൊടുത്ത് നീക്കം ചെയ്യണം. സാധാരണ നിയമപരമായി രൂപീകരിക്കപ്പെടുന്ന ബോർഡുകളിലെ ഡയറക്ടേഴ്സിനെ നീക്കം ചെയ്യുന്നതിൽ ചില നടപടികളുണ്ട്. അതുപോലെ അവർക്ക് നോട്ടീസ് കൊടുത്ത് അവർക്കു പറയാനുള്ളതു കേൾക്കണം. അതല്ലാതെ ഗവൺമെന്റിന്റെ ഇഷ്ടാനുസരണം പറ്റില്ല. അത് സാധാരണ ചെയ്യുന്നതാണ്; സാങ്കേതികമായിട്ടുള്ളതാണ്. അതൊന്ന് മിനിസ്റ്റർ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടുതന്നെയായിരിക്കും നോട്ടീസ് കൊടുക്കുന്ന കാര്യത്തിലും അവരെ പറഞ്ഞയയ്ക്കുമ്പോഴും തീർച്ചയായിട്ടും ചെയ്യുക. നോട്ടീസ് കൊടുക്കാതെ ഒക്കില്ല. ഇന്നത്തെ നിയമസംവിധാനത്തിൽ അങ്ങനെയല്ലാതെ ഒരാളെ പിരിച്ച് അയയ്ക്കാനും സാധ്യമല്ല. ഇങ്ങനെതന്നെ നിന്നാൽ മതിയെന്നാണ്. ഞങ്ങൾ വീണ്ടും വീണ്ടും ആലോചിച്ചുനോക്കിയതാണ്. ഇതുകൊണ്ട് യാതൊരു കുഴപ്പവും വരില്ല. അങ്ങനെ സ്പെസിഫിക്കായില്ല എങ്കിൽപ്പോലും വാസ്തവത്തിൽ ചെയ്യേണ്ടതാണ്. ഒരാളെ പിരിച്ചുവിടുമ്പോൾ തീർച്ചയായും അതിനുള്ള നോട്ടീസ് കൊടുക്കണമല്ലോ. കൊടുക്കാതെ സാധ്യമല്ല. ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 174,175 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 190-ാം നമ്പർ ഭേദഗതിക്ക് നോട്ടീസ് നൽകിയിട്ടുള്ള ശ്രീ. ടി.എം. ജേക്കബ് സഭയിൽ ഹാജരില്ലാത്തതിനാൽ 190-ാം നമ്പർ ഭേദഗതിക്ക് തുല്യമായ വാക്കാൽ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വകുപ്പ് 6(എച്ച്)-ൽ "പൊതുമേഖലാ വ്യാവസായിക സംരംഭങ്ങളുടേയും മറ്റ് വ്യാവസായിക സംരംഭങ്ങളുടേയും" എന്ന വാക്കുകൾക്കു പകരം "സഹായം നൽകപ്പെട്ട സംരംഭങ്ങളുടെ" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7 ഉം 8 ഉം വകുപ്പുകൾ

7-ഉം 8-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ഉം 8-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(237) വകുപ്പ് 9(1) -ന്റെ ക്ലിപ്ത നിബന്ധനക്ക് പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:-

"എന്നാൽ, ഈ വകുപ്പ് പ്രകാരം സർക്കാർ നൽകുന്ന ജാമ്യത്തുകയുടെ മുതൽ നൂറിഎൺപതു കോടി രൂപയിൽ കവിയാൻ പാടുള്ളതല്ല".

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. (197) 9-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ ക്ലിപ്ത നിബന്ധനയിൽ "നൂറ്റി എൺപത്" എന്നതിനു പകരം "നാനൂറ്" എന്ന് ചേർക്കുക. മിനിസ്റ്റർ ഇപ്പോൾ ഇവിടെ അവതരിപ്പിച്ച ഒഫിഷ്യൽ ഭേദഗതികൂടി വച്ചുകൊണ്ടാണ് ഞാൻ പറയുന്നത്. 180 കോടി രൂപ എന്ന് ക്ലിപ്തപ്പെടുത്തിയത് ശരിയല്ല എന്നാണ് എന്റെ അഭിപ്രായം അന്ന് സംസാരിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. മിനിസ്റ്ററുടെ ശ്രദ്ധയ്ക്കുവേണ്ടി പറയുകയാണ്. ഏതാണ്ട് 400 കോടി രൂപയുടെ, ഇപ്പോൾത്തന്നെ നമ്മൾ വച്ച പദ്ധതികളനുസരിച്ചുതന്നെ അതിൽ കൂടുതൽ വേണം. ഇത്തരം ഒരു ബൃഹത്തായ പദ്ധതി ഏറ്റെടുത്ത് പുനരുദ്ധാരണത്തിന് നമ്മൾ പുറപ്പെടുമ്പോൾ ഗവൺമെന്റ് തരുന്ന കഴിഞ്ഞവർഷത്തെ 30 കോടിരൂപ ഈ വർഷം നൽകിയ 30 കോടി രൂപ അടുത്തവർഷത്തേയ്ക്ക് നൽകുന്ന 30 കോടി രൂപ. അപ്പോൾ 90 കോടി രൂപ..... നമുക്ക് സമാഹരിക്കാൻ കഴിയുന്നിടത്തോളം കൂടുതൽ സമാഹരിക്കണം. ഈ നിയമം കുറച്ചു കാലത്തേയ്ക്കേയുള്ളൂ എന്ന് മിനിസ്റ്റർ ഇവിടെ പറഞ്ഞു. അതനുസരിച്ച് പുനരുദ്ധരിക്കുമെന്നു പറഞ്ഞു. കുറച്ചുകാലം എന്നൊക്കെ പറഞ്ഞാലും കേരളത്തിൽ ഇന്ന് വളരെ പിന്നോക്കം കിടക്കുന്ന, അല്ലെങ്കിൽ വളരെ ശോചനീയമായ അവസ്ഥയിലുള്ള പബ്ലിക് സെക്ടർ പുനരുദ്ധരിപ്പിച്ചുകൊണ്ടുവരാൻ കുറച്ചു സമയം എടുക്കും. അത് അത്ര പെട്ടെന്ന് കഴിയുമെന്ന് ഞാൻ വിചാരിക്കുന്നില്ല. അങ്ങനെ വരുമ്പോൾ അതിന് ആവശ്യമായ ഫണ്ട് ഉണ്ടാകണം. എന്തിനാണ് 180 കോടി രൂപ എന്ന് നമ്മൾ ക്ലിപ്തപ്പെടുത്തുന്നത്? വ്യവസായങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിതന്നെ വളരെ വിശദമായി ഓരോന്നും പരിശോധിച്ചു. നമ്മൾ വച്ചിട്ടുള്ള പല നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ 400 കോടി രൂപയിൽ കൂടുതൽ സംഖ്യ വേണം. അതുകൊണ്ട് തുക കുറച്ചുകൂടി വർദ്ധിപ്പിക്കണം. 400 കോടി രൂപ എന്ന് ഞാൻ ഒരു ഭേദഗതിയായി നിർദ്ദേശിക്കുകയാണ്. ചിലപ്പോൾ അതിൽ കൂടുതൽ വേണ്ടി വന്നാലും ഇത്തരത്തിലുള്ള ഒരു ബൃഹത്തായ പദ്ധതിക്കു പോകുമ്പോൾ, പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിച്ചുകൊണ്ടു വരാൻകഴിയുന്ന വിധത്തിൽ അത് സമഗ്രമായിരിക്കും എന്നുള്ളതു കൊണ്ടാണ് അത് വർദ്ധിപ്പിക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നത്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : ബഹുമാനപ്പെട്ട മെമ്പർ കെ.പി. രാജേന്ദ്രന്റെ നിർദ്ദേശങ്ങൾ വളരെയധികം ആകർഷകമാണ്. പക്ഷെ ഇന്നിപ്പോൾ നമ്മൾ ഒരു സംരംഭം തുടങ്ങുകയാണ്. ഇതിന്റെ അനുഭവങ്ങൾ വച്ചുകൊണ്ട് കൂടുതൽ തുക ആവശ്യമാണെന്ന് തോന്നുകയാണെങ്കിൽ അപ്പോൾ വർദ്ധിപ്പിക്കാം. ഇതുകൂടാതെ 105 കോടി രൂപ പബ്ലിക് സെക്ടറിനു തന്നത് വേറെയുണ്ട്. അതെല്ലാംകൂടി ആകെ കണക്കുകൂട്ടിയപ്പോൾ, ഏകദേശം ഞങ്ങൾ പഠനം നടത്തിയപ്പോൾ, ഇതുവച്ചുകൊണ്ട് തുടങ്ങിയാൽ കുറെയധികം നമുക്ക് മുന്നോട്ടു പോകാൻ കഴിയും. ആവശ്യമാണെന്നു കണ്ടാൽ ഭേദഗതി കൊണ്ടുവന്ന് ബാക്കി കാര്യങ്ങൾ ചെയ്യാവുന്നതാണ്. ഈ തുക കൊണ്ടുതന്നെ ഫലപ്രദമായി കാര്യങ്ങൾ ചെയ്യാൻ ആരംഭത്തിൽ കഴിയുമെന്നുതന്നെയാണ് എന്റെ വിശ്വാസം. പിന്നീടുള്ളത് ആവശ്യമാണെങ്കിൽ അന്ന് ആലോചിക്കാം. 237-ാം നമ്പർ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 197-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പു ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10 മുതൽ 17 വരെയുള്ള വകുപ്പുകൾ

10 മുതൽ 17 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10 മുതൽ 17 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

ശ്രീ. കെ.പി. രാജേന്ദ്രൻ : ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

(230) വകുപ്പ് 18(1)-ൽ "ഏതെങ്കിലും കാരണത്താൽ" എന്നതിനു പകരം "യുക്തമായ കാരണത്താൽ" എന്ന് ഭേദഗതി ചെയ്യുക. ബോർഡ് പിരിച്ചുവിടുന്നതുമായി ബന്ധപ്പെട്ട കാര്യമാണിത്. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ചില പോരായ്മകൾ സംഭവിച്ചതായി തോന്നുന്നു. എന്തെങ്കിലും കാരണത്താൽ പിരിച്ചുവിടുക. അതിൽ പിശകുണ്ടായിട്ടുണ്ടോ എന്നു നോക്കണം. ഒരു അവ്യക്തതയുണ്ട്. നിയമം ഉണ്ടാക്കുകയല്ലേ? ഏതു ഗവൺമെന്റായാലും നാളെ ഒരു ബോർഡുണ്ടാക്കി വളരെ പ്രഗൽഭരായ, വിദഗ്ദ്ധരായ ആളുകളെ ഇതിൽ ഉൾക്കൊള്ളിക്കുന്നുണ്ട്. വിദഗ്ദ്ധരായ മൂന്നു മെമ്പർമാർ എന്നു പറയുമ്പോൾ വളരെ പ്രശസ്തരായ ആളുകൾ ആയിരിക്കും ഇതിൽ സ്വാഭാവികമായും വരിക. എന്തെങ്കിലും കാരണത്താൽ അവരെ പിരിച്ചുവിടുക എന്നുപറഞ്ഞാൽ പിന്നെ ആരെങ്കിലും വരുമോ? അങ്ങനെ പറയരുത്, ഏതു ഗവൺമെന്റായാലും, ആരായാലും ഏതു സന്ദർഭത്തിലായാലും അങ്ങനെയിരിക്കുന്ന ആളുകളുടെ പദവിയും സ്റ്റാറ്റസുമൊക്കെ അംഗീകരിച്ചുകൊടുക്കണം. എന്നാലേ ഇവിടെ നമ്മൾ ഉദ്ദേശിക്കുന്ന ആളുകളൊക്കെ വരൂ. ഈ രീതിയിൽ ഞാൻ നേരത്തേ പറഞ്ഞതുപോലെ, സർക്കാരിന് എന്തെങ്കിലും കാരണത്താൽ ബോർഡ് തുടരേണ്ട എന്നു തോന്നിയാൽ പിരിച്ചുവിടുക എന്നത് ശരിയായ നടപടിക്രമമല്ല. അതുപോരാ. യുക്തമായ കാരണത്താൽ, നേരത്തേ രേഖാമൂലം നോട്ടീസ് കൊടുക്കണമെന്ന് പറഞ്ഞതുപോലെതന്നെ, എന്തെങ്കിലും കാരണമുണ്ടായിരിക്കണം, ആ കാരണത്തിന്റെ അടിസ്ഥാനത്തിൽത്തന്നെയായിരിക്കണം പിരിച്ചുവിടുന്നത്. അതിനോട് ബന്ധപ്പെട്ട മറ്റൊരു കാര്യംകൂടി ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രി അന്ന് ഇല്ലാതിരുന്നതുകൊണ്ട് പറയുകയാണ്. വ്യക്തമായി മറുപടി കിട്ടാതിരുന്ന ഒരു വിഷയമാണിത്. ഇതോടുകൂടി എന്റെ ഭേദഗതി കഴിയുകയാണ്. ഈ ഫണ്ടിൽനിന്ന് നമ്മൾ സഹായം കൊടുക്കുന്ന സ്ഥാപനങ്ങൾ ഉണ്ട്. നമ്മൾ സഹായിക്കാൻ തീരുമാനിക്കുന്നത് തകർന്നുകിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെയാണ്. നിലനിൽപ്പില്ലാത്ത, ബാങ്കുകളിൽനിന്ന് പൈസ കിട്ടാത്ത ശോചനീയമായ അവസ്ഥയിലുള്ള സ്ഥാപനങ്ങൾക്ക് ഫണ്ട് കൊടുക്കുന്നതിൽ പലിശയുടെ കാര്യം പറയുന്നില്ല. ചട്ടത്തിൽ വരുമായിരിക്കും. എന്നാൽത്തന്നെ ബഡ്ജറ്റ് പ്രകാരമുള്ള 90 കോടി രൂപ കൊടുക്കുകയാണ്. ഇതിൽ നിന്ന് സംഖ്യയെ

LIBRARY ARCHIVES Kerala Legislative Assembly

ടുത്ത് ഇവർക്ക് കൊടുക്കുമ്പോൾ പലിശ നിശ്ചയിക്കും. അങ്ങനെ പലിശ നിശ്ചയിക്കുമ്പോൾ അത് ഏറ്റവും മിനിമം ആയിരിക്കണം. കാരണം തകർച്ച യിൽ ഉള്ള വ്യവസായങ്ങളാണ്; ശമ്പളംപോലും കൊടുക്കാൻ കഴിയാത്ത സ്ഥാപനങ്ങളാണ്. സ്റ്റാറ്റ്യൂട്ടറി ബാങ്കുകൾ നിലനിൽക്കുന്ന സ്ഥാപനങ്ങളെ സഹായിക്കുമ്പോൾ പലിശ വലിയ സംഖ്യ ആയാൽ പിന്നെ ആരും ഇതു വാങ്ങാൻ ഉണ്ടാവുകയില്ല. ബഡ്ജറ്റനുസരിച്ചുള്ള ഗ്രാന്റാണ്. 30 കോടി രൂപ ബഡ്ജറ്റിൽ ഓരോ വർഷവും മാറ്റിവച്ചിട്ടുണ്ട്. ആ ഗ്രാന്റ് കൊടുക്കുന്നതിന് പലിശയില്ല. ഗൗരവമായ ഒരു വിഷയമായതുകൊണ്ട് മിനിസ്റ്ററുടെ പരിഗണ നയ്ക്ക് ഞാനിത് പറയുകയാണ്. മിനിമം 30 കോടിരൂപ പബ്ളിക് സെക്ട റിന്റെ സഹായത്തിന് കൊടുക്കുന്നതിന് പലിശ കൊടുക്കണ്ട, അത് നേരിട്ട് ഓരോ സ്ഥാപനങ്ങൾക്ക് കമ്മിറ്റി തീരുമാനിച്ച് ഗവൺമെന്റിൽനിന്നും കൊടു ക്കുന്നതാണ്. ഇതിന് പലിശ കൊടുക്കേണ്ടിവരികയാണ്. ഇത് പുതുതായി വരുമ്പോൾ പലിശ ഈടാക്കേണ്ടിവരുന്നു. ഒരു ബാധ്യത വരുകയാണ്. അങ്ങനെ വരുമ്പോൾ ആ പലിശ ഏറ്റവും മിനിമമാക്കണം. കാരണം തകർച്ചയിലുള്ള ഒരു വ്യവസായത്തെ സംരക്ഷിക്കാനുള്ള ഒരു നടപടി എന്ന രീതിയിൽ അതിനെ കാണണം എന്നുകൂടി ബഹുമാനപ്പെട്ട മന്ത്രി യുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : 'യുക്തമായ കാരണത്താൽ' എന്നുള്ള 230-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. തകർന്നുകിടക്കുന്ന സ്ഥാപനങ്ങൾക്ക് ഫണ്ട് വെറുതെ കൊടുക്കുന്നതല്ല. വളരെ പ്രോപ്പറായി പ്രോജക്ടുണ്ടാക്കി ഇത് എങ്ങനെ വയബിളാക്കി തീർക്കാം എന്നുള്ളതു നോക്കി അതിന് ആവശ്യമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഫണ്ടാണ് കൊടുക്കുന്നത്. അവയെ സഹായിക്കാനുള്ള 35 കോടി രൂപ വേറെയുണ്ട്. അതിൽനിന്നും ചെറിയ സഹായങ്ങൾ ചെയ്യാൻ കഴിയും. അതും കടമായി ട്ടാണ് കൊടുക്കുന്നത്. അവസാനം അതെല്ലാം തിരിച്ചു തരത്തക്കവിധത്തി ലാണ്. യാതൊന്നുമില്ലാതെ ധനസഹായമായിട്ടാണ് സർക്കാർ കൊടുക്കുന്ന തെന്നുള്ള ധാരണ ശരിയല്ല. പലിശയടക്കമാണ് പിന്നീട് കണക്കുകൂട്ടി വരുന്നത്. എന്തെങ്കിലും സഹായം ചെയ്യണമെങ്കിൽ 35 കോടി രൂപയിൽ നിന്നു ചെയ്യാം. ഇന്നിപ്പോൾ മറ്റു സ്ഥലങ്ങളിൽ നിന്നുകൂടെ കടം എടുത്താണ് ഈ ഫണ്ടുണ്ടാക്കുന്നത്. അതുകൊണ്ട് ഫണ്ടിന്റെ പോരായ്മകൊണ്ട് പല സ്ഥാപനങ്ങളും ബുദ്ധിമുട്ടുകയാണ്. ബാങ്കുക ളിൽനിന്ന് പണം കിട്ടാൻ വഴിയില്ല. നേരേമറിച്ച് ഇത് ഇങ്ങനെ ചെയ്യുമ്പോൾ കുറച്ച് പലിശ കുറയ്ക്കുകയും ചെയ്യാം. അവർക്കാവശ്യമായ രീതിയിലുള്ള അവരുടെ പ്രോജക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിന് പണം കൊടുത്താൽ അതെല്ലാം നന്നാക്കിത്തീർക്കാൻ കഴിയത്തക്കവിധത്തിലുള്ള പെർഫോർമൻസ് കോൺട്രാക്ടടക്കം ആണ് നമ്മൾ കൊടുക്കുന്നത്. വെറുതെയല്ല. ഈ സ്ഥാപനങ്ങളുടെയെല്ലാം സ്ഥിതി ഇന്ന് വളരെ ഗുരുതര മാണ്. 72 പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായ വകുപ്പിന്റെ കീഴിലു ണ്ട്. അതിന്റെ കീഴിൽ പത്തിരുപത്തിനാല് യൂണിറ്റുകൾ ഉണ്ട്. അതൊക്കെ ഏതാണ്ട് ഹെൽത്തിയാണ്; ലാഭത്തിലും നഷ്ടത്തിലുമായിട്ട് പോകുന്നു വെന്ന് പറയാം. ബാക്കിയെല്ലാംതന്നെ വളരെ വിഷമകരമായ സ്ഥിതി യിലാണ്. പക്ഷേ ഇന്ന് പെർഫോർമൻസ് ഇംപ്രൂവ് ചെയ്യുന്നുണ്ട് എന്നുള്ള തുകൊണ്ടുതന്നെ ഇത് നന്നാക്കിത്തീർക്കാൻ കഴിയും. അതിനനുസരിച്ചാണ് ഫണ്ട് കൊടുക്കുന്നത്. നമുക്ക് എവിടെനിന്നെങ്കിലും വെറുതെ പണം

LIBRARY ARCHIVES Kerala Legislative Assembly

വരാനില്ല. ബഡ്ജറ്റിൽ നമുക്കിന്ന് പ്രൊവിഷൻ കിട്ടുന്നതിന് വളരെ പരിമിതിയുണ്ട്. ആ പരിമിതി വച്ചുകൊണ്ട് നമ്മൾ കൂടുതൽ ഫണ്ടുണ്ടാക്കിയാലേ പറ്റൂ. ആ ഫണ്ട് ഉണ്ടാക്കുമ്പോഴാണ് മറ്റു സ്ഥാപനങ്ങളിൽനിന്നും പലിശയ്ക്ക് കടം എടുക്കേണ്ടി വരുന്നത്. അതുകൊണ്ട് നമ്മുടെ 90 കോടി രൂപ കൂടി ആകുമ്പോൾ കുറച്ചുകൂടി പലിശ കുറച്ചുകൊടുക്കാൻ കഴിയും. ഇതെല്ലാം വച്ചുകൊണ്ടാണ് നമ്മൾ ചെയ്യുന്നത്. ഇന്നത്തെ സാഹചര്യത്തിൽ ഇതിനപ്പുറം ഒന്നും ചെയ്യാൻ സാധ്യമല്ലാത്ത വിധത്തിലാണ്. രാജ്യത്തെ സാമ്പത്തിക സ്ഥിതിയൊക്കെ വളരെ മെച്ചപ്പെട്ടു കഴിഞ്ഞാൽ ഒരുപക്ഷേ ഇതിലേറെ പണം തരാൻ കഴിയും. അങ്ങനെയാണെങ്കിൽ സ്ഥിതിഗതികൾ ആകെ മാറും. പക്ഷെ ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് ചെയ്യാവുന്നതിന്റെ പരമാവധിയാണിത്.

ശ്രീ. കെ.പി. രാജേന്ദ്രൻ അവതരിപ്പിച്ച 230-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

1.00 p.m. ഭേദഗതിചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19 മുതൽ 22 വരെയുള്ള വകുപ്പുകൾ

19-മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

19 മുതൽ 22 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

പട്ടിക

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

"പട്ടികയിലെ ഇനം 11-ൽ "അധികനിധികളുടെ" എന്ന വാക്കിനു പകരം "നിധിയിലെ തുകകളുടെ" എന്ന വാക്കുകൾ ചേർക്കുക. പട്ടികയിലെ 11-ാമത് ഐറ്റത്തിൽ "അധികനിധികളുടെ" എന്നുള്ളതിനു "നിധിയിലെ തുകകളുടെ" എന്നാക്കി മാറ്റിയാൽ ട്രാൻസിലേഷൻ വരുമ്പോൾ അതിന്റെ യഥാർത്ഥ ഉദ്ദേശലക്ഷ്യം പൂർണ്ണമാക്കുന്നതിനു നിധിയിലെ തുകകളിൽനിന്ന് ഉപയോഗിക്കുന്നതാണ് നല്ലത്. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഇതും ശ്രീ. ടി.എം. ജേക്കബിന്റെ ഭേദഗതിക്ക് തുല്യമാണോ?

ശ്രീമതി സുശീലാ ഗോപാലൻ : അതെ.

മന്ത്രി അവതരിപ്പിച്ച ഓറൽ അമന്റ്മെന്റ് സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പട്ടിക ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണം എന്ന പ്രശ്നം സഭ അംഗീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : സർ, 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പിന്നോക്ക പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) : പൊതുമേഖലാ വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി ഇങ്ങനെ ഒരു ബിൽ അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏറെയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ രാജ്യത്തിനു വളരെ വലിയ സംഭാവനകളാണ് നൽകിയിട്ടുള്ളത്; പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ഈ രാജ്യത്തിന്റെ വളർച്ചയ്ക്ക് സുപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്. കേരളത്തിൽ ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയപ്പോൾ മനസ്സിലായത് പൊതുമേഖലാ സ്ഥാപനങ്ങളുടെ 1996 മാർച്ച് മാസം വരെയുള്ള പ്രവർത്തനത്തിന് സർക്കാരിൽ നിന്ന് 600 കോടിരൂപ ഇകിറ്റിയായും 200 കോടിരൂപ ലോണായും കൊടുത്തിട്ടുണ്ട് എന്നാണ്. 10 കൊല്ലത്തെ പെർഫോർമൻസ് ആകെ പരിശോധിച്ചുനോക്കുമ്പോൾ ഏതാണ്ട് എക്സൈസ് ഡ്യൂട്ടി ഇനത്തിലും സെയിൽസ് ടാക്സ് ഇനത്തിലും കേന്ദ്ര സർക്കാരിന്റെ വിഹിതം കഴിച്ച് സംസ്ഥാന സർക്കാരിന് കിട്ടിയത് 840 കോടിരൂപയാണ് എന്ന് കാണാം. ഡിവിഡന്റും മറ്റു കാര്യങ്ങളുമൊക്കെ വേറെയുണ്ട്. സെയിൽസ് ടാക്സ് ഇനത്തിലും എക്സൈസ് ഡ്യൂട്ടി ഇനത്തിലുമുള്ള വിഹിതമായി സംസ്ഥാനത്തിന് കിട്ടിയത് ഏതാണ്ട് മുടക്കിയിട്ടുള്ള പണം തന്നെയാണ്. കഴിഞ്ഞ രണ്ടുകൊല്ലമായി ഇക്കാര്യത്തിൽ ആകർഷകമായ മാറ്റം വന്നിട്ടുണ്ട്. ആവശ്യത്തിനുള്ള പണം നമുക്ക് കൊടുക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം വലിയ പരിശ്രമം നടത്തി 135 കോടിരൂപയാണ് ഈ സ്ഥാപനങ്ങൾക്ക് കൊടുത്തത്. അതു കൂടാതെ പരമ്പരാഗത വ്യവസായങ്ങളെ പ്രത്യേകം പരിഗണിക്കുകയും കാഷ്യൂ കോർപ്പറേഷനിലേയും കാപ്പക്സിലേയും ലക്ഷക്കണക്കായ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് 135 കോടിരൂപ പ്രത്യേകം കൊടുക്കുകയുമുണ്ടായി. കഴിഞ്ഞ കൊല്ലത്തെ സെയിൽടാക്സും എക്സൈസ് ഡ്യൂട്ടി വിഹിതവും പരിശോധിച്ചാൽ 110 കോടി രൂപ വിഹിതമായി സംസ്ഥാന സർക്കാരിനു കിട്ടിയിട്ടുണ്ട് എന്ന് കാണാം. പത്തിരുപത്തിയഞ്ചോളം സ്ഥാപനങ്ങളാണ് നന്നായി പ്രവർത്തിക്കുന്നത്. എന്നാൽ ഈ സ്ഥാപനങ്ങളൊക്കെ ഭംഗിയായി നടത്തുന്നതിനു സമയബന്ധിതമായിട്ടുള്ള സഹായം ഒരിക്കലും കിട്ടിയിട്ടില്ല. ഞാൻ പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങൾക്കും ആഡിറ്റില്ല, മറ്റുകാര്യങ്ങളില്ല എന്നു കണ്ടു. അതിനൊക്കെ കാരണം ഇതിന്റെയൊക്കെ പെർഫോർമൻസ് നോക്കുവാൻ ആളില്ല എന്നതുകൊണ്ടാണ്. പത്തും പന്ത്രണ്ടും കൊല്ലമായി പലതിനും ആഡിറ്റ് നടത്തിയിട്ടില്ല. മാത്രമല്ല തൊഴിലാളികൾക്ക് വേതന വർദ്ധനവും നടത്തിയിട്ടില്ല. ഈ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതുപോലുള്ള സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കിക്കൊണ്ടുമാത്രമേ സ്വകാര്യമേഖലയിലെ വ്യവസായങ്ങളെ വളർത്താൻ കഴിയൂ. പൊതുമേഖലയെ നന്നായി നടത്തുവാൻ ഗവൺമെന്റിനു വലിയ സംഭാവന നൽകുവാൻ കഴിയുമെന്ന് മാത്രമല്ല

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളുടെ മെച്ചപ്പെട്ട സേവന-വേതന വ്യവസ്ഥകൾ നടപ്പിലാക്കുവാനും കഴിയും. പല സ്ഥാപനങ്ങളെക്കുറിച്ചും എനിക്ക് ദുഃഖം തോന്നാറുണ്ട്. പുതിയ വേജ് എഗ്രിമെന്റ് ഒപ്പിടേണ്ടിവരുമ്പോൾ പല സ്ഥാപനങ്ങൾക്കും അത് കൊടുക്കുവാൻ കഴിവില്ല എന്ന് കണ്ടിട്ടുണ്ട്. ആ സ്ഥാപനങ്ങളൊക്കെ 8-ഉം 10-ഉം വർഷമായി വേജ് വർദ്ധനവിൽ വരാത്തവയാണ്. രാജ്യത്ത് വരുന്ന വിലവർദ്ധനവും മറ്റു കാര്യങ്ങളുമൊക്കെ അവയേയും ബാധിക്കാറുണ്ട്. എങ്ങനെ അവർ ജീവിക്കും? അവരുടെ മുമ്പിൽ ന്യായവാദങ്ങൾ നിരത്തുവാൻ കഴിയാത്ത സ്ഥിതിയാണ്. അതാണ് തൊഴിലാളികളുടെ അവസ്ഥ. അതിൽ മാറ്റം വരുത്തണം. എത്രയധികം തൊഴിലാളികൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ അഖിലേന്ത്യാ തലത്തിലുള്ള കണക്കുകളെടുത്തു നോക്കുമ്പോൾ സിക്ക് ആയിട്ടുള്ള, ബി.ഐ.എഫ്.ആർ-ൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ 3441 ആണ്. അതിൽ 3216 സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളാണ്. നമ്മുടെ 82 പൊതുമേഖലാസ്ഥാപനങ്ങൾ (സെൻട്രലിന്റെ) ബി.ഐ.എഫ്.ആർ. അനുവദിച്ചിട്ടുണ്ട്. 143 എണ്ണം സ്റ്റേറ്റ് ഗവൺമെന്റിന്റേതാണ്. വാസ്തവത്തിൽ ഏറ്റവും കുറച്ച് സിക്കായിട്ടുള്ള സ്ഥാപനങ്ങൾ പൊതുമേഖലയിലാണ്. അതിനാവശ്യമായിട്ടുള്ള ഫണ്ട് ഉണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞാൽ തീർച്ചയായിട്ടും നമുക്ക് വളരെയധികം മുന്നോട്ടുപോകാൻ കഴിയും. അതോടൊപ്പം തൊഴിലാളികളുടെ മെച്ചപ്പെട്ട സേവനവും ഉണ്ടാവും. അവർക്ക് സേവന-വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്താനും സർക്കാരിന് ഫണ്ട് ഉണ്ടാക്കാനും കഴിയും. ആവശ്യമായ സമയത്ത് ടെക്നോളജി അപ്ഗ്രഡേഷൻ നടന്നിട്ടില്ല; അങ്ങനെയുള്ള പരിശോധനകളില്ല. ലോകമാകെ വലിയ മാറ്റങ്ങൾ വരുന്നു. പ്രത്യേകിച്ച് ലിബറലൈസേഷന്റെ വമ്പിച്ച ആപത്ത് നമ്മുടെ രാജ്യത്തെ ബാധിച്ചിരിക്കുകയാണ്. നമ്മുടെ രാജ്യത്തെ സ്ഥാപനങ്ങളെ നോക്കാതെ, വളരെയധികം വ്യവസായങ്ങളെ തകർക്കത്തക്ക വിധത്തിലുള്ള ഒരു നയമാണ് കേന്ദ്ര ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതിന്റെ ഫലമായി നമ്മുടെ സ്ഥാപനങ്ങളെല്ലാം വിഷമത്തിലാണ്. ഇന്ന് നമ്മൾ ലാഭത്തിൽ പ്രവർത്തിക്കുന്നു എന്നു പറയുന്ന കെ. എം.എം.എൽ. പോലും വളരെ വലിയ നഷ്ടത്തെ സമീപിച്ചിരുന്ന ഒരു കാലമുണ്ട്. എന്നിട്ടു കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ ഫലമായി 131 ശതമാനം ഇമ്പോർട്ട് ഡ്യൂട്ടിയുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് അത് 40 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ രണ്ടു മൂന്നു കൊല്ലമായി വലിയ സമ്മർദ്ദം ചെലുത്തിയതുകൊണ്ട് ഇപ്പോൾ 40 ശതമാനമായിരിക്കുകയാണ്. ഒരു കൊല്ലം 10 ശതമാനം കൂടുതൽ വന്നാൽ ഈ ലാഭമില്ലാതാകും. ആ രീതിയിലുള്ള ഒരു നയമാണ് കേന്ദ്ര ഗവൺമെന്റ് തുടർന്നുവരുന്നത്. അതിന്റെയെല്ലാം ഫലങ്ങൾ വ്യവസായസ്ഥാപനങ്ങളെ വളരെ ദോഷം ചെയ്യുന്നു. ഞാൻ തന്നെ നിരവധി സ്ഥാപനങ്ങളുടെ പ്രശ്നത്തിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിവേദനം കൊടുത്തു. കെ.എം.എം.എൽ-ന്റെ കാര്യത്തിൽ വളരെ ശക്തമായ, (പ്രത്യേകിച്ച് എക്സ്പാൻഷൻ പ്രോഗ്രാം ഇപ്പോൾ ഇട്ടിരിക്കുകയാണ്.) നിവേദനം കൊടുത്തു. 760 കോടി രൂപയുടെ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ പോകുന്നതുകൊണ്ട് അവർക്ക് ഇംപോർട്ട് ഡ്യൂട്ടി കുറയ്ക്കരുതെന്ന് വളരെ ശക്തിയായി എം.പി.മാരടക്കം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുത്തൻ സാമ്പത്തിക നയങ്ങളുടെ ഫലമായി വിദേശികളെ സഹായിക്കുകയാണ് ചെയ്യുന്നത്. ഇൻഡ്യാ രാജ്യത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൊന്നാണ് കെ.

LIBRARY ARCHIVES Kerala Legislative Assembly

എം.എം.എൽ. അതിനു റൈവലായിട്ടില്ല. വിദേശികൾ മാത്രമാണ് ഇതിനെ കാര്യമായി എതിർക്കാൻ വരുന്നത്. അവർ അവരുടെ രാജ്യത്തുള്ള കോസ്റ്റ് ഓഫ് പ്രൊഡക്ഷനേക്കാൾ കുറച്ചാണ് ഇവിടെ കൊണ്ടുവന്ന് തള്ളുന്നത്. അതുകൊണ്ട് ഇവയെ സംരക്ഷിക്കാനുള്ള നടപടി എടുക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനുണ്ട്. അതു ചെയ്യുന്നില്ല. ഇതിനെയെല്ലാം അതിജീവിച്ചുകൊണ്ടുവേണം പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ. അതിന്റെ കൂടെ ആവശ്യമായ സമയത്ത് വേണ്ട സാങ്കേതികവിദ്യയോ ഇല്ല. ഇതു മാറ്റിത്തീർക്കാനുള്ള ചെറിയൊരു സംരഭമാണ്. അതുകൊണ്ട് എല്ലാമായി എന്നില്ല. കേന്ദ്രത്തിൽ ഏതു ഗവൺമെന്റ് വന്നാലും ഇതെല്ലാം ആകെ തകർക്കുന്ന നയമാണ് സ്വീകരിക്കുന്നത്. ഇത്തവണ പൊതുമേഖലയിലെ കണക്കുകൾ നോക്കുമ്പോൾ നമുക്ക് ചെറിയ ലാഭമുണ്ട് എന്ന് കണ്ടു. പക്ഷേ അതുതന്നെ അടുത്ത കൊല്ലമാകുമ്പോൾ എന്തു സംഭവിക്കുമെന്നു നമുക്കു പറയാൻ കഴിയില്ല. അതുകൊണ്ട് പുത്തൻ സാമ്പത്തികനയവുമായി ബന്ധപ്പെട്ട് ഇതിനെ എതിർക്കുന്നതോടൊപ്പം പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് പരിമിതമായ സൗകര്യങ്ങളിൽനിന്നുകൊണ്ട് ഒരു ചെറിയ ഫണ്ട് സമാഹരിക്കാനാണ് നമ്മൾ തീരുമാനിച്ചത്. തീർച്ചയായിട്ടും ഇതിനെല്ലാം കേന്ദ്ര ഗവൺമെന്റിന് ഉണ്ടായിരുന്ന ഒരു ലക്ഷ്യമുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളെയെല്ലാം അതിന്റെ കമാൻഡിംഗ് ഫൈറ്റ്സിൽ എത്തിക്കുമെന്നാണ്. നമ്മുടെ സ്ഥാപനങ്ങളെല്ലാം ചെറിയ സ്ഥാപനങ്ങളാണ്. എന്നാൽപോലും അതിനെ ഉയരാവുന്നതിന്റെ പരമാവധി ലക്ഷ്യത്തിൽ എത്തിക്കാൻ നമുക്കു കഴിയും. അതിനു കഴിയുന്നതിനുള്ള ചെറിയൊരു പരിശ്രമമായി ഇതു തീർച്ചയായും വരണം. അതുവഴി നമ്മുടെ വലിയൊരു ശതമാനം സ്ഥാപനങ്ങളെ ലാഭകരമാക്കിത്തീർക്കാൻ കഴിയുമെന്നാണ് എന്റെ വിശ്വാസം. തൊഴിലാളികളുടെ നല്ല സഹകരണമുണ്ട്. അപൂർവ്വം ചില സ്ഥാപനങ്ങൾ ഒഴിച്ചാൽ വളരെ വലിയ സഹകരണമാണ് തൊഴിലാളി സംഘടനകളിൽനിന്നും തൊഴിലാളികളിൽനിന്നും പൊതുമേഖലാസ്ഥാപനങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. അവയെ നല്ല രീതിയിൽ മുന്നോട്ടു കൊണ്ടുപോകാൻ നമുക്കു കഴിയണമെന്നു വിചാരിച്ചുകൊണ്ടാണ് ഇതിനൊരു ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചത്. ഇതുതന്നെ വളരെ നേരത്തേ കൊണ്ടുവരേണ്ടതായിരുന്നു. നമ്മുടെ നടപടിക്രമങ്ങളുടെ കുരുക്കിനകത്ത് കിടന്ന് ഇത്രയും സമയം വൈകിയതാണ്. ഇപ്പോഴെങ്കിലും കൊണ്ടുവരാനും പാസ്സാക്കാനും കഴിയുന്നതിൽ എനിക്ക് അങ്ങേയറ്റം സന്തോഷമുണ്ട്. പ്രതിപക്ഷാംഗങ്ങൾ ഇന്നത്തെ സഭാനടപടികൾ ബഹിഷ്ക്കരിച്ചതിൽ എനിക്ക് വലിയ ദുഃഖമുണ്ട്. എന്തിനാണ് അവർ ഇത്രയധികം അമെന്റ്മെന്റ് കൊണ്ടുവന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. വ്യവസായ പുനരുദ്ധാരണനിധിബിൽ പോലൊരു ബില്ലിനെ എതിർക്കാനുള്ള മാനസികാവസ്ഥ അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാരടക്കമുള്ളവർക്കുണ്ടായതിൽ എനിക്ക് അങ്ങേയറ്റത്തെ ഖേദമുണ്ട്. പൊതുമേഖലയെ ഡിസ്ഇൻവെസ്റ്റ് ചെയ്യാൻ തീരുമാനിച്ച് അതിനു തുടക്കം കുറിച്ചത് അവരാണ്. ഇന്ന് കേന്ദ്ര ഗവൺമെന്റ് ഏറ്റവും നല്ല പൊതുമേഖലാസ്ഥാപനങ്ങളെയെല്ലാം ഡിസ് ഇൻവെസ്റ്റ് ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ വളരെയധികം വേദനാജനകമായ ഒരവസരമാണുള്ളത്. ഇൻഡ്യയുടെ ചരിത്രത്തിൽ ആദ്യമായാണ് പബ്ലിക് സെക്ടറിനെ പ്രൊട്ടക്ട് ചെയ്യാൻവേണ്ടി ഒരു നിധി കൊണ്ടുവരുന്നത്. അതൊരു ചരിത്രപരമായ കടമയായിത്തന്നെയാണ് ഞാൻ എടുക്കുന്നത്. ഇടതുപക്ഷജനാധിപത്യമുന്നണിയുടെ നയം തീർച്ചയായിട്ടും പൊതുമേഖ

LIBRARY ARCHIVES Kerala Legislative Assembly

ലാസംരംഭങ്ങളെ സഹായിക്കാൻ സഹായകരമാകുമെന്നത് വ്യക്തമായി തെളിയുന്നു. മറ്റു പല സംസ്ഥാനങ്ങളിലുമുള്ളവർ എന്നോട് ചോദിക്കാറുണ്ട്, നിങ്ങൾ എങ്ങനെയാണ് ഫണ്ട് ഉണ്ടാക്കുന്നത് എന്ന്. ഞാൻ പറഞ്ഞു, നിങ്ങൾ ഞങ്ങളുടെ കമ്പനികളിൽ വന്നു കഴിയുമ്പോൾ മനസ്സിലാക്കിയാൽ മതി എന്ന്. നിങ്ങൾ ഫണ്ട് ഉണ്ടാക്കി പൊതുമേഖലയെ സഹായിക്കാൻ കഴിയുന്നവിധം എല്ലാം ചെയ്യണമെന്ന് ഞാൻ പറഞ്ഞു. ഇതൊരു മാതൃകാപരമായ ബില്ലായി പാസ്സാക്കിയെടുക്കാൻ കഴിയുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

മി. സ്പീക്കർ : ഓർഡർ, ഓർഡർ.....

VIII. അവകാശ ലംഘന പ്രശ്നങ്ങൾ

മി. സ്പീക്കർ : പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് ശബരിമല വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി കേരളനിയമസഭ പരിസ്ഥിതി സമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ചോദ്യാവലിക്ക് പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും തിരുവിതാംകൂർ ദേവസ്വം ബോർഡ് മറുപടി നൽകിയില്ല എന്ന് ആരോപിച്ചുകൊണ്ട് തിരുവിതാംകൂർ ദേവസ്വംബോർഡിനെതിരെ അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് പരിസ്ഥിതി സമിതിക്കുവേണ്ടി ചെയർമാൻ പ്രൊഫ. എ.വി. താമരാക്ഷൻ ഒരു നോട്ടീസ് നൽകിയിരുന്നു. എന്നാൽ പരിസ്ഥിതി സമിതിയുടെ ചോദ്യാവലിക്കുള്ള മറുപടി 1998 ജൂലൈ 9-ാം തീയതി പരിസ്ഥിതി സമിതിക്കു ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ പ്രൊഫ. എ.വി. താമരാക്ഷന് അവകാശ ലംഘനം ഉന്നയിക്കുന്നതിന് ചെയർ അനുമതി നിഷേധിക്കുന്നു.

IX. പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

പത്താം കേരളനിയമസഭയുടെ ഒൻപതാം സമ്മേളനത്തിൽ നക്ഷത്ര ചിഹ്നമിടാത്ത 2844-ാം നമ്പർ ചോദ്യത്തിന് 1999 ഫെബ്രുവരി മാസം 16-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി സഭയുടെ അന്തസ്സും അവകാശങ്ങളും ഹനിക്കുന്ന തരത്തിലുള്ളതാണെന്ന് ആരോപിച്ച് മുഖ്യമന്ത്രിക്കെതിരെ അവകാശലംഘനമുന്നയിക്കുന്നതിന് ശ്രീ. കെ.എ. ചന്ദ്രൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

മറ്റു ബിസിനസ്സുകളെല്ലാം പൂർത്തീകരിച്ചുകൊണ്ട് ഈ സമ്മേളനത്തിന്റെ തിരശ്ശീല വീഴാൻ പോകുകയാണ്. കഴിഞ്ഞ മാർച്ച് 18-ാം തീയതിയാണ് ബഡ്ജറ്റ് അവതരണത്തിനായി ഈ സെഷൻ ആരംഭിച്ചത്. ബഡ്ജറ്റ് സമ്മേളനം എന്ന നിലയിൽ വളരെയധികം പ്രാധാന്യമുള്ള ഒരു സമ്മേളനമാണിത്, 13 ദിവസം ഈ സഭ സമ്മേളിക്കുകയുണ്ടായി. 13 ദിവസമാണെങ്കിലും ബഡ്ജറ്റും, അതു കഴിഞ്ഞശേഷം എട്ടു ബില്ലുകളും ഈ സഭ പാസ്സാക്കി; ഒരു ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്തു. കേരള ആദ്യകാല ശിശുസംരക്ഷണവും ശിശുവിദ്യാഭ്യാസവും ബില്ലാണ്

LIBRARY ARCHIVES Kerala Legislative Assembly

"(23A) "Karaima" means a transfer of lands situate in the Kozhikode district or in the Ponnani taluk of the Malappuram district, in consideration of ground rent, principally for the purpose of erecting a homested, and described in the document, if any, evidencing the transfer, as Karaima or Panayapattom, Panayachit, or by whatever name called which possesses the characteristics of Karaima.

Explanation :- For the purposes of this clause, so much of the land appurtenant to the land under the Karaima belonging to the landlord or any person claiming through him and in the possession and beneficial enjoyment of the Karaima holder or his legal representative or any other person claiming through him as on the Ist day of January, 1970 shall, subject to a maximum of three cents in Municipal Corporation area, five cents in Municipal Council area, and ten cents in Panchayat area, inclusive of the land under Karaima, be deemed to be Karaima".

"Provided that where the extent of the land appurtenant in the possession and beneficial enjoyment is in excess of the extent specified above as on the Ist day of January, 1970, such land shall also be deemed to Karaima".

"3. *Special provision for the issue of Certificate of purchase.*- Notwithstanding anything contained in the Kerala Land Reforms Act, 1963 (1 of 1964) (hereinafter referred as the Principal Act) or in any other law for the time being in force or in any judgement, decree or order of any court or any authority or tribunal the Karaima holder or his legal representative or any other person claiming through him who is entitled to get the fixity of tenure under section 13 in respect of any land as per the explanation to clause (23A) of Section 2 in respect of which certificate of purchase under the Principal Act have not been issued may apply to such authority as may be authorised by the Government in this behalf within a period of six months from the date of publication of this Act in the Gazettee for the issue of certificate of purchase of the said land and such authority may issue the certificate of purchase and restore the possession to such person the said land free form all encumbrances if any created by the land owners and intermediaries and subsisting on the date of publication of this Act in the Gazette".

Secretariate of the Kerala Legislature,
Thiruvananthapuram,
1999 April, 7.

K. GOPALAKRISHNAN UNNITHAN
Secretary (in-Charge)

അനുബന്ധം - IV

1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്)

വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി 4-ന്റെ പരിഗണനയ്ക്കായി അയച്ച 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ കമ്മിറ്റി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റി റിപ്പോർട്ടും അതിനോടനുബന്ധിമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ 1999 മാർച്ച് മാസം 22-ാം തീയതി ഒരസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 1999 ഏപ്രിൽ 6-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയ യ്ക്കുകയും ചെയ്തു.

3. 1999 ഏപ്രിൽ 6-ാം തീയതി കമ്മിറ്റി യോഗം ചേർന്ന് ബിൽ ഖണ്ഡംഖണ്ഡമായി പരിഗണിച്ചു. കമ്മിറ്റി താഴെ പറയുന്ന ഭേദഗതികളോ ടുകൂടി ബിൽ അംഗീകരിച്ചു.

ഖണ്ഡിക 3

4-ാം ഉപഖണ്ഡികയിൽ (എ) യിൽ "പുനരുദ്ധരിക്കുന്നതിന്" എന്ന വാക്കിനു പകരം "പുനരുദ്ധരിക്കുന്നതിനും" എന്നു ചേർക്കുക.

ഉപഖണ്ഡിക 4 (ബി) യിൽ "നൽകുന്നതിന്" എന്ന വാക്കിനുപ കരം "നൽകുന്നതിനും" എന്നു ചേർക്കുക.

5-ാം ഉപഖണ്ഡിക താഴെപ്പറയും പ്രകാരം മാറ്റുക:-

"2-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതുഅക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥത യിലുള്ള ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്".

ഖണ്ഡിക 4

6-ാം ഉപഖണ്ഡികയിൽ "ഫണ്ടിന്റെ" എന്ന വാക്കിനുപകരം "നിധി യുടെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡിക 5

2-ാം ഉപഖണ്ഡികയിൽ "തുടരേണ്ടതാണ്" എന്ന വാക്കിനുപകരം "തുടരേണ്ടതുമാണ്" എന്നു ചേർക്കുക.

ഖണ്ഡിക 12

ഈ ഖണ്ഡിക താഴെപ്പറയും പ്രകാരം മാറ്റുക

"ബോർഡിന്റെ ഡയറക്ടർമാരും മറ്റും പബ്ലിക് സെർവന്റ് ആണെന്ന് - ബോർഡിന്റെ എല്ലാ ഡയറക്ടർമാരും 10-ാമത് വകുപ്പ് (1)-ാം ഉപ വകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഫണ്ട് മാനേജരും, ബോർഡിന്റെ മറ്റ് ഉദ്യോ സ്ഥന്മാരും ജീവനക്കാരും ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥപരിധിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റ് ആയി കരുതപ്പെടുന്നതായിരിക്കും."

ഖണ്ഡിക 20

2-ാം ഉപഖണ്ഡികയിൽ "നിയമസഭ മുമ്പാകെ" എന്ന വാക്കുകൾ ക്കുപകരം "നിയമസഭയുടെ മേശപ്പുറത്ത്" എന്ന വാക്കുകൾ ചേർക്കുക.

വിയോജനക്കുറിപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.

സുശീലാ ഗോപാലൻ,
ചെയർപേഴ്സൺ,
സബ്ജക്ട് കമ്മിറ്റി-4

LIBRARY ARCHIVES Kerala Legislative Assembly

വിയോജനക്കുറിപ്പ്

ഈ ബില്ലിന്റെ ആവശ്യമില്ല എന്ന അതിശക്തമായ അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്കും സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾക്കും സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇപ്പോൾതന്നെ മെച്ചപ്പെട്ട വ്യവസ്ഥകൾ നിലവിലുണ്ട്. സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ ശക്തിപ്പെടുത്തിക്കൊണ്ട് വ്യവസായങ്ങൾ നേരിടുന്ന ഏതു വെല്ലുവിളികളേയും ഫലപ്രദമായി നേരിടുവാനുള്ള കഴിവ് അവയ്ക്ക് പ്രദാനം ചെയ്യുകയാണ് ഇതിന്റെ ആവശ്യം. കൂടുതൽ ബോർഡുകൾ ഗവൺമെന്റ് ആഭിമുഖ്യത്തിൽ സൃഷ്ടിച്ചുകൊണ്ട് വ്യവസായ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്നതിനെക്കാൾ അവയെ സ്വന്തം കാലിൽ നിർത്തുവാൻ സഹായിക്കുക എന്നതാണ് അടിയന്തിരമായി വേണ്ടത്. ഈ ബില്ലിൽ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ വ്യവസായ വികസന കോർപ്പറേഷൻ മുഖേന നേടാവുന്നതാണ്. വേണ്ടിവന്നാൽ ഗവൺമെന്റ് ഇന്ററസ്റ്റ് സബ്സിഡി നൽകി അവയ്ക്ക് ഉറപ്പു നൽകിയാൽ മാത്രം മതിയാകുന്നതാണ്.

വ്യവസായ സ്ഥാപനങ്ങളുടെ രോഗാവസ്ഥയ്ക്കു കാരണമെന്തെന്നു പഠിക്കാനും അവയെ സ്വന്തം കാലിൽ നിർത്താനുമുള്ള ഉപദേശങ്ങളും സഹായങ്ങളും ലക്ഷ്യമാക്കുകയാണ് വേണ്ടത്. ആധുനിക യുഗത്തിന്റെ സന്ദേശമുൾക്കൊണ്ടുകൊണ്ട് ഈ ലക്ഷ്യത്തിലേക്കുള്ള ഉറച്ച കാൽവയ്പ്പു നടത്തുവാൻ ഗവൺമെന്റ് തയ്യാറാകണം. ഇതിന്റെ അസാന്നിദ്ധ്യംകൊണ്ട് ഈ ബിൽ പ്രാതസ്മരണീയമാണ്. അത്രയ്ക്കു ഞങ്ങൾ ഈ ബില്ലുമായി വിയോജിക്കുന്നു.

(1) കെ. ബാബു (ഒപ്പ്)
(2) ശോഭനാ ജോർജ് (ഒപ്പ്)

തിരുവനന്തപുരം,
6.4.1999.

1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടിരിക്കുന്നത് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു. നക്ഷത്ര ചിഹ്നം ഒഴിവാക്കിയതിനെ സൂചിപ്പിക്കുന്നു]

സംസ്ഥാനത്തിന്റെ നിയന്ത്രണത്തിൻ കീഴിൽ ഉള്ള പൊതുമേഖലാ വ്യവസായ സംരംഭങ്ങളേയും മറ്റ് വ്യവസായ സംരംഭങ്ങളേയും പുനരുദ്ധരിക്കുന്നതിനായി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അഥവാ ആനുഷംഗികമായതോ ആയ സംഗതികൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ

<u>പീഠിക</u> - സംസ്ഥാനത്തിന്റെ നിയന്ത്രണത്തിൻകീഴിൽ ഉള്ള പൊതുമേഖലാ വ്യവസായ സംരംഭങ്ങളേയും മറ്റു വ്യവസായ സംരംഭങ്ങളേയും പുനരുദ്ധരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അഥവാ ആനുഷംഗികമായതോ ആയ സംഗതികൾക്കുവേണ്ടിയും ഒരു നിധി രൂപീകരിക്കേണ്ടത് യുക്തമായിരിക്കുകയാൽ;

143/2010.

LIBRARY ARCHIVES Kerala Legislative Assembly

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അൻപതാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു : -

1. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും - (1) ഈ ആക്ടിന് 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ആക്ട് എന്ന് പേർ പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് 1998 ഡിസംബർ മാസം 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവചനങ്ങൾ - ഈ ആക്ടിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,-

(എ) 'ബോർഡ്' എന്നാൽ 4-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട കേരള വ്യവസായ പുനരുദ്ധാരണ നിധി ബോർഡ് എന്നർത്ഥമാകുന്നു;

(ബി) 'നിധി' എന്നാൽ 3-ാം വകുപ്പിനും പദ്ധതിക്കും കീഴിൽ രൂപീകരിക്കപ്പെട്ട കേരള വ്യവസായ പുനരുദ്ധാരണ നിധി എന്നർത്ഥമാകുന്നു;

(സി) 'ഫണ്ട് മാനേജർ' എന്നാൽ 10-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെട്ട ബോർഡിന്റെ ഫണ്ട് മാനേജർ എന്നർത്ഥമാകുന്നു;

(ഡി) 'സാമ്പത്തിക സഹായം' എന്നാൽ പദ്ധതിയിൽ വിവരിച്ചിട്ടുള്ളതരം സഹായങ്ങൾ എന്നർത്ഥമാകുന്നു;

(ഇ) 'സർക്കാർ' എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്)'മറ്റു വ്യവസായ സംരംഭങ്ങൾ' എന്നാൽ അടച്ചുതീർത്തതൊത്തം ഓഹരി മൂലധനത്തിൽ സർക്കാരിന്റെ മുതൽമുടക്ക് നാൽപതു ശതമാനത്തിൽ കുറയാതെയുള്ളതും 1956-ലെ കമ്പനി ആക്ടിൻ (1956-ലെ 1-ാം കേന്ദ്ര ആക്ട്) കീഴിൽ സംയോജിത മേഖലയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും സർക്കാരിന്റെ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൻകീഴിൽ ഉള്ളതുമായ ഏകാംഗീകൃത നികായങ്ങൾ എന്നർത്ഥമാകുന്നു;

(ജി) 'പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ' എന്നാൽ സർക്കാരിന്റെ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൻകീഴിലുള്ള, 1956-ലെ കമ്പനി ആക്ടിൻ (1956-ലെ 1-ാം കേന്ദ്ര ആക്ട്) കീഴിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും കമ്പനിയോ 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ടിൻ (1969-ലെ 21) കീഴിൽ രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്തതായി കരുതപ്പെടുന്നതോ ആയ സഹകരണസംഘമോ എന്നർത്ഥമാകുന്നു;

(എച്ച്) 'പട്ടിക' എന്നാൽ ഈ ആക്ടിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(ഐ) 'പദ്ധതി' എന്നാൽ ഈ ആക്ടിൻ കീഴിൽ ഉണ്ടാക്കിയ പദ്ധതി എന്നർത്ഥമാകുന്നു;

(ജെ) 'സംസ്ഥാനം' എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു;

(കെ) 'സംരംഭങ്ങൾ' എന്നാൽ പൊതുമേഖലാ വ്യവസായ സംരംഭങ്ങൾ അല്ലെങ്കിൽ മറ്റു വ്യവസായ സംരംഭങ്ങൾ എന്നർത്ഥമാകുന്നു;

(എൽ) 'വർഷം' എന്നാൽ സാമ്പത്തിക വർഷം എന്നർത്ഥമാകുന്നു;

LIBRARY ARCHIVES Kerala Legislative Assembly

3. കേരള വ്യവസായ പുനരുദ്ധാരണ നിധി പദ്ധതി. - (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സംരംഭങ്ങളുടേയും മറ്റു വ്യവസായ സംരംഭങ്ങളുടേയും പുനരുദ്ധാരണത്തിനായി ഈ ആക്ട് പ്രകാരം ഒരു നിധി രൂപീകരിക്കുന്നതിനായി കേരള വ്യവസായ പുനരുദ്ധാരണ നിധി പദ്ധതി എന്നപേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും, പദ്ധതി ഉണ്ടാക്കിയാലുടൻതന്നെ ഈ ആക്ടിലേയും പദ്ധതിയിലേയും വ്യവസ്ഥകൾക്കനുസൃതമായി ഒരു നിധി രൂപീകരിക്കേണ്ടതുമാകുന്നു.

(2) നിധിയിലേക്ക്,-

(എ) 7-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദായവും;

(ബി) 8-ാം വകുപ്പുപ്രകാരം ബോർഡ് കടം വാങ്ങിയ തുകയും;

(സി) സർക്കാരോ ഏതെങ്കിലും സ്ഥാപനമോ നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും;

(ഡി) ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിന് മറ്റു മാർഗ്ഗങ്ങളിൽ കൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും;

(ഇ) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേയ്ക്ക് വരവു കൊള്ളിക്കേണ്ടതായ മറ്റേതെങ്കിലും തുകയും,

വരവു വയ്ക്കേണ്ടതാണ്.

(3) നിധി, 4-ാം വകുപ്പുപ്രകാരം രൂപീകരിച്ച ബോർഡിൽ നിക്ഷിപ്തമാകുന്നതും നിധിയുടെ ഭരണം ബോർഡ് നിർവ്വഹിക്കേണ്ടതുമാണ്.

(4) നിധി താഴെ പറയുന്ന എല്ലാമോ അഥവാ ഏതെങ്കിലുമോ ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാവുന്നതാണ്, അതായത് :-

(എ) പൊതുമേഖലാ വ്യവസായ സംരംഭങ്ങളേയോ മറ്റു വ്യവസായ സംരംഭങ്ങളേയോ പുനരുദ്ധരിപ്പിക്കുന്നതിനും;

(ബി) പൊതുമേഖലാ വ്യവസായ സംരംഭങ്ങൾക്കും മറ്റു വ്യവസായ സംരംഭങ്ങൾക്കും സാമ്പത്തിക സഹായം നൽകുന്നതിനും;

(സി) നിധിയിലേയ്ക്ക് ധനാഗമനമാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഉപയോഗിച്ച കടപത്രങ്ങളും ബോണ്ടുകളും ബാദ്ധ്യതാ രഹിതമാക്കുന്നതിനും;

(ഡി) പദ്ധതിയിൽ പറഞ്ഞിട്ടുള്ള മറ്റേതെങ്കിലും ആവശ്യം നടപ്പാക്കുന്നതിനും.

(5) (2)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള എല്ലാ പണവും സർക്കാരിന്റെ പൊതു അക്കൗണ്ടിലോ അല്ലെങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി ഏതെങ്കിലും ഷെഡ്യൂൾഡ് ബാങ്കിലോ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കേണ്ടതും പ്രസ്തുത അക്കൗണ്ട് ഫണ്ട് മാനേജർ കൈകാര്യം ചെയ്യേണ്ടതുമാണ്.

(6) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കിയിട്ടുള്ള പദ്ധതിയിൽ (4)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള എല്ലാമോ ഏതെങ്കിലുമോ സംഗതികൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(7) പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ വരാവുന്ന ആകെ പതിനാലു ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പദ്ധതിയിൽ എന്തെങ്കിലും ഭേദഗതി വരുത്തുന്നപക്ഷം, പദ്ധതിക്ക് അതിനുശേഷം അപ്രകാരം ഭേദഗതി ചെയ്ത വിധത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്; എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതി, പദ്ധതിപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. ബോർഡിന്റെ രൂപീകരണം - (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അതിൽ പ്രത്യേകം പറയാവുന്ന തീയതി മുതൽക്കുള്ള പ്രാബല്യത്തോടുകൂടി, നിധിയുടെ ഭരണത്തിനും നിധിയിൽനിന്ന് ധനസഹായം നൽകുന്ന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനുമായി "കേരള വ്യവസായ പുനരുദ്ധാരണ നിധി ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ്, ശാശ്വത പിൻതുടർച്ചാവകാശത്തോടും, പൊതുമുദ്രയോടും കൂടിയ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗയോഗമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) ബോർഡിൽ, സർക്കാർ നിയമിക്കാവുന്ന പ്രകാരമുള്ള, ഏഴിൽ കവിയാത്ത എണ്ണം ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതും അവരെ പദ്ധതിയിൽ പറഞ്ഞിട്ടുള്ള രീതിയിൽ തെരഞ്ഞെടുക്കേണ്ടതുമാണ്.

(4) ബോർഡിലെ ഡയറക്ടർമാരിൽ ഒരാളെ അതിന്റെ ചെയർമാനായി സർക്കാർ നിയമിക്കേണ്ടതാണ്.

(5) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ ഭരണം പദ്ധതിയിൽ പറഞ്ഞിട്ടുള്ള പ്രകാരം നടത്തേണ്ടതാണ്.

(6) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി, നിധിയുടെ കാര്യക്ഷമമായ ഭരണത്തിനായി, ഈ ആക്റ്റിൻകീഴിലോ പദ്ധതിയിൻകീഴിലോ ഉള്ള ആവശ്യമെന്ന് അത് കരുതുന്ന അതിന്റെ അധികാരങ്ങളും ചുമതലകളും അത് നിശ്ചയിക്കുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, ചെയർമാനോ ഫണ്ട് മാനേജർക്കോ ഏൽപ്പിച്ചുകൊടുക്കാവുന്നതാണ്.

5. ഡയറക്ടർമാരുടെ ഉദ്യോഗകാലാവധി - (1) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു ഡയറക്ടർ സർക്കാരിന് ഇഷ്ടമുള്ള കാലത്തോളം ഉദ്യോഗത്തിൽ തുടരേണ്ടതാണ്.

(2) ഏതൊരു ഡയറക്ടർക്കും, സർക്കാരിന് രേഖാമൂലം നോട്ടീസ് നൽകിക്കൊണ്ട് തന്റെ അംഗത്വം രാജിവയ്ക്കാവുന്നതും, എന്നാൽ സർക്കാർ അദ്ദേഹത്തിന്റെ രാജി സ്വീകരിക്കുന്നതുവരെ ഔദ്യോഗിക സ്ഥാനത്ത് തുടരേണ്ടതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

6. ബോർഡിന്റെ അധികാരങ്ങളും ചുമതലകളും - ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി, ബോർഡിന് താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നതാണ്, അതായത് :-

(എ) നിധി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ വിഭവ സമാഹരണം നടത്തുക;

(ബി) പദ്ധതിയനുസരിച്ച് സംരംഭങ്ങൾക്ക് സാമ്പത്തികസഹായം അനുവദിക്കുക;

(സി) സഹായം നൽകപ്പെട്ട സംരംഭങ്ങളിൽനിന്നും ബോർഡിന് ലഭിക്കാനുള്ള തുകകൾ റിക്കവറി പരിപാടിയനുസരിച്ച് ഈടാക്കുക;

(ഡി) സഹായം നൽകപ്പെട്ട സംരംഭങ്ങളിൽനിന്നുള്ള ഈടാക്കലുകൾ യുക്തമെന്ന് കരുതുന്ന പ്രകാരം ഭേദഗതി ചെയ്യുകയോ, പുനർനിർണ്ണയം ചെയ്യുകയോ പുനഃക്രമീകരിക്കുകയോ ചെയ്യുക;

(ഇ) ബോർഡിന്റെ താൽപ്പര്യാർത്ഥം ആവശ്യവും യുക്തവുമെന്നു കരുതുന്നപക്ഷം, സഹായം നൽകപ്പെട്ട ഏതെങ്കിലും സംരംഭത്തിനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക;

(എഫ്) യാത്രയും, കടങ്ങളിൽമേലുള്ള പലിശയും ഫീസുകളും തൊഴിൽപരമായ ചാർജ്ജുകളും മറ്റ് ചെലവുകളും ഉൾപ്പെടെ നിധിയുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും നൽകുക;

(ജി) കാലാകാലങ്ങളിൽ ഉണ്ടാകാവുന്ന ബോർഡിന്റെ മിച്ചം തുകകൾ പദ്ധതിയിൽ വിനിർദ്ദേശിച്ച പ്രകാരം നിക്ഷേപിക്കുക, അങ്ങനെയുള്ള നിക്ഷേപങ്ങൾ ഈടാക്കുകയും ചെയ്യുക;

(എച്ച്) പൊതുമേഖലാ വ്യാവസായിക സംരംഭങ്ങളുടേയും മറ്റ് വ്യാവസായിക സംരംഭങ്ങളുടേയും പ്രവർത്തനങ്ങളെ ക്ലിപ്തകാലാടിസ്ഥാനത്തിൽ പുനഃരവലോകനം ചെയ്യുക.

(ഐ) സർക്കാരിനുവേണ്ടി ഈ ആക്ടിന്റെ പരിധിക്കുള്ളിൽ, കമ്പനികളും മറ്റ് സംരംഭങ്ങളുമായി ധാരണാപത്രം ഉണ്ടാക്കുകയോ, പ്രവർത്തന കരാറുകളിൽ ഏർപ്പെടുകയോ ചെയ്യുക;

(ജെ) ബോർഡിനുവേണ്ടി കരാറിൽ ഏർപ്പെടുക;

(കെ) പദ്ധതിയിൽ വിനിർദ്ദേശിച്ചിട്ടുള്ള അധികാരങ്ങളും ചുമതലകളും വിനിയോഗിക്കുക;

(എൽ) ഈ ആക്റ്റിന്റെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി സർക്കാർ അതിനെ ഏൽപ്പിക്കാവുന്നതോ ചുമതലപ്പെടുത്താവുന്നതോ ആയ മറ്റ് അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യുക;

(എം) അതിനെ ഏൽപ്പിച്ചിട്ടുള്ളതോ കൈമാറിയിട്ടുള്ളതോ ആയ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായതും ആനുഷംഗികവുമായ എല്ലാ പ്രവൃത്തികളും ചെയ്യുക.

7. നിധിയിലേയ്ക്കുള്ള അംശദായം - സർക്കാരിന് നിയമം വഴി ചെയ്തിട്ടുള്ള വിനിയോഗപ്രകാരവും അത് നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായും കാലാകാലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

അപ്രകാരമുള്ള ഗ്രാന്റുകൾ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി നിധിയിലേക്ക് അംശദായമായി നൽകാവുന്നതാണ്.

8. കടം വാങ്ങുന്നതിനു ബോർഡിനുള്ള അധികാരം - (1) ബോർഡിന് കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും ബോണ്ടുകളോ കടപ്പത്രങ്ങളോ പുറപ്പെടുവിച്ചുകൊണ്ടോ മറ്റുവിധത്തിലോ അല്ലെങ്കിൽ ബാങ്കുകളുമായോ പൊതുമേഖലാ വ്യവസായ സംരംഭങ്ങളും ഇതിലേക്കായി സർക്കാർ അംഗീകരിച്ചിട്ടുള്ള മറ്റ് വ്യവസായ സംരംഭങ്ങളും മറ്റ് നികായങ്ങളും സ്ഥാപനങ്ങളും ആയോ ക്രമീകരണങ്ങൾ നടത്തിക്കൊണ്ടോ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ഏതു തുകയും കടമായി വാങ്ങാവുന്നതാണ്.

(2) ഈ വകുപ്പിൻകീഴിൽ ബോർഡ് പുറപ്പെടുവിക്കുന്ന ബോണ്ടുകളും കടപ്പത്രങ്ങളും പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു വഴി സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരം പുറപ്പെടുവിക്കുകയോ കൈമാറ്റം ചെയ്യുകയോ കൈകാര്യം ചെയ്യുകയോ വിടുതൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

9. വായ്പകൾക്ക് സർക്കാരിന്റെ ജാമ്യം - (1) 8-ാം വകുപ്പ് പ്രകാരം ബോർഡ് സമാഹരിക്കാൻ ഉദ്ദേശിക്കുന്ന വായ്പയുടെ മുതലും പലിശയും നൽകുന്നതിനായി സർക്കാരിന് യുക്തമെന്ന് തോന്നുന്ന വിധത്തിലുള്ള ജാമ്യം നൽകാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രകാരം സർക്കാർ പുറപ്പെടുവിച്ച മൊത്തം ജാമ്യത്തുക നൂറ്റിഎൺപതു കോടി രൂപയിൽ കവിയാൻ പാടുള്ളതല്ല.

(2) സർക്കാർ, അങ്ങനെയുള്ള ജാമ്യം നിലവിലുള്ളിടത്തോളം, നടപ്പ് സാമ്പത്തികവർഷം ജാമ്യം ഏതെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച ഒരു പത്രികയും അപ്രകാരമുള്ള ജാമ്യം ഹേതുവായി സംസ്ഥാന സഞ്ചിത നിധിയിൽനിന്നും നൽകിയതോ അല്ലെങ്കിൽ അപ്രകാരം നൽകിയ ഏതെങ്കിലും തുകകൾ തിരിച്ചുനൽകിയ വകയിൽ പ്രസ്തുത നിധിയിലേയ്ക്ക് നൽകിയതോ ആയ തുകകളുണ്ടെങ്കിൽ മൊത്തം തുകകളുടെ നാളിതുവരെയുള്ള കണക്കുകൾ ഓരോ വർഷത്തേയും ബഡ്ജറ്റ് സമ്മേളനത്തിൽ, സംസ്ഥാന നിയമസഭ മുൻപാകെ വയ്ക്കേണ്ടതാണ്.

10. ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും നിയമനം. - (1) ഈ ആക്റ്റിൻ കീഴിലുള്ള ചുമതലകളും കർത്തവ്യങ്ങളും നിറവേറ്റുന്നതിന് ബോർഡിനെ സഹായിക്കുന്നതിനായി സർക്കാരിന് ഒരു ഫണ്ട് മാനേജരേയും ആവശ്യമെന്ന് അത് കരുതുന്ന മറ്റ് ഉദ്യോഗസ്ഥൻമാരേയും ജീവനക്കാരേയും നിയമിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെടുന്ന ഫണ്ട് മാനേജരുടേയും മറ്റ് ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും നിയമന രീതിയും ശമ്പളവും ബത്തകളും അച്ചടക്കവും മറ്റ് സേവന വ്യവസ്ഥകളും പദ്ധതിയിൽ വിനിർദ്ദേശിച്ച പ്രകാരമായിരിക്കുന്നതാണ്.

11. ബോർഡിന് ലഭിക്കുവാനുള്ള പണം വസൂലാക്കേണ്ട രീതി. - ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ അതിൻകീഴിലോ ഏതെങ്കിലും വ്യക്തി ബോർഡിന് നൽകേണ്ടതും അല്ലെങ്കിൽ ബോർഡ് വസൂലാക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തുമായ എല്ലാ തുകകളും അതുമായി ബന്ധപ്പെട്ട എല്ലാ ചാർജ്ജുകളും അല്ലെങ്കിൽ നേരിട്ട ചെലവുകളും മറ്റ് ഏതു രീതിയിലുള്ള വസൂലാക്കലിനും ഭംഗം വരാതെ, തൽസമയം പ്രാബല്യത്തിലുള്ള ഭൂനികുതി വസൂലാക്കൽ ആക്റ്റിന്റെ വ്യവസ്ഥകളനുസരിച്ച് ഭൂമിയിൻമേലുള്ള പൊതുനികുതി കുടിശ്ശിക എന്നപോലെ വസൂലാക്കേണ്ടതാണ്.

12. ബോർഡിന്റെ ഡയറക്ടർമാരും മറ്റും പബ്ലിക് സെർവന്റ് ആണെന്ന്. - ബോർഡിന്റെ എല്ലാ ഡയറക്ടർമാരും 10-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ട ഫണ്ട് മാനേജരും ബോർഡിന്റെ മറ്റ് ഉദ്യോഗസ്ഥൻമാരും ജീവനക്കാരും ** ** ** ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 21-ാം വകുപ്പിന്റെ അർത്ഥപരിധിക്കുള്ളിൽ വരുന്ന പബ്ലിക് സെർവന്റ് ആയി കരുതപ്പെടുന്നതായിരിക്കും.

13. ഉത്തമ വിശ്വാസത്തിൽ ചെയ്ത പ്രവൃത്തികൾക്ക് സംരക്ഷണം. - ഈ ആക്ട് പ്രകാരമോ അഥവാ പദ്ധതി പ്രകാരമോ ഉത്തമ വിശ്വാസത്തിൽ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും സംഗതി സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും ഡയറക്ടർക്കോ അഥവാ മറ്റേതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരമോ മറ്റു നടപടിയോ നിലനിൽക്കുന്നതല്ല.

14. നിർദ്ദേശങ്ങൾ നൽകാൻ സർക്കാരിനുള്ള അധികാരം. - (1) ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സംസ്ഥാനനയവും ദേശീയ നയവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ബോർഡിന് സർക്കാർ നിർദ്ദേശങ്ങൾ നൽകുന്നത് നിയമാനുസൃതമായിരിക്കുന്നതും അപ്രകാരമുള്ള നിർദ്ദേശങ്ങൾ ബോർഡിന് ബാധകമാകുന്നതുമാണ്.

(2) സർക്കാരിന് ബോർഡുമായി ആലോചിച്ചശേഷം ബോർഡ് അനുവർത്തിക്കേണ്ടതായ പൊതു നിർദ്ദേശങ്ങൾ ബോർഡിന് നൽകാവുന്നതാണ്.

(3) ബോർഡ്, ഈ ആക്ടിൻകീഴിലുള്ള അതിന്റെ അധികാരങ്ങൾ വിനിയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യുമ്പോൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടുകൂടിയല്ലാതെ (2)-ാം ഉപവകുപ്പ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും പൊതുനിർദ്ദേശത്തിൽനിന്നും വ്യതിചലിക്കാൻ പാടുള്ളതല്ല.

15. കണക്കുകളും ആഡിറ്റും. - (1) ബോർഡ്, പദ്ധതിയിൽ വിനിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ഫാറത്തിലും അപ്രകാരമുള്ള രീതിയിലും കണക്കുബുക്കുകളും അതിന്റെ കണക്കുകളുമായി ബന്ധപ്പെട്ട മറ്റു ബുക്കുകളും സൂക്ഷിക്കേണ്ടതും വാർഷിക കണക്കുകളുടെ ഒരു സ്റ്റേറ്റ്മെന്റും ബാലൻസ് ഷീറ്റും തയ്യാറാക്കേണ്ടതുമാണ്.

(2) ബോർഡിന്റെ കണക്കുകൾ സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുമൂലം നിർദ്ദേശിക്കാവുന്ന പ്രകാരമുള്ള ആഡിറ്റർ അപ്രകാരമുള്ള രീതിയിലും സമയത്തും ആഡിറ്റ് ചെയ്യേണ്ടതും അപ്രകാരം നിയമിക്കപ്പെടുന്ന ആഡിറ്റർ അപ്രകാരമുള്ള കാര്യങ്ങളെ സംബന്ധിച്ച് രേഖകൾ ഹാജരാക്കുവാനും വിവരങ്ങൾ നൽകുവാനും ആവശ്യപ്പെടാനുള്ള അധികാരം ഉണ്ടായിരിക്കുന്നതുമാണ്.

(3) ആഡിറ്റർ സാക്ഷ്യപ്പെടുത്തിയപ്രകാരമുള്ള ബോർഡിന്റെ കണക്കുകൾ അതിൻമേലുള്ള ആഡിറ്റ് റിപ്പോർട്ട് സഹിതം വർഷംതോറും

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന് അയച്ചുകൊടുക്കേണ്ടതും സർക്കാർ അതിന് യുക്തമെന്ന് തോന്നുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ ബോർഡിന് നൽകേണ്ടതും ബോർഡ് അപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

16. വാർഷിക റിപ്പോർട്ടും ആഡിറ്റുചെയ്ത കണക്കുകളുടെ സ്റ്റേറ്റ്മെന്റും. - (1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് അതിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കേണ്ടതും ബോർഡ് അംഗീകരിച്ചശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് ഓരോ വർഷവും ജൂലായ് അവസാനത്തിനുമുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) വാർഷിക റിപ്പോർട്ട് ലഭിച്ചാലുടൻ സർക്കാർ അത് ആഡിറ്റ് ചെയ്ത കണക്കുകളുടെ സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

17. അന്വേഷണത്തിന് ഉത്തരവ് നൽകുന്നതിനുള്ള അധികാരം.- (1) സർക്കാരിന് ഏതുസമയത്തും ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് അന്വേഷിക്കുന്നതിനും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി ഏതൊരാളെയും നിയമിക്കാവുന്നതാണ്.

(2) അപ്രകാരം നിയമിക്കപ്പെടുന്ന ആളിന് ബോർഡ് അന്വേഷണം ശരിയായി നടത്തുന്നതിനുവേണ്ട എല്ലാ സൗകര്യങ്ങളും നൽകേണ്ടതും അദ്ദേഹം ആവശ്യപ്പെടുന്നതും ബോർഡിന്റെ കൈവശമുള്ളതുമായ രേഖകളും കണക്കുകളും വിവരങ്ങളും അദ്ദേഹത്തിന് നൽകേണ്ടതുമാണ്.

18. ബോർഡ് പിരിച്ചുവിടൽ. - (1) സർക്കാരിന്, ഏതെങ്കിലും കാരണത്താൽ ബോർഡ് തുടരേണ്ട ആവശ്യമില്ലെന്ന് അഭിപ്രായമുള്ള പക്ഷം ഗസറ്റ് വിജ്ഞാപനംമൂലം അതിൽ പറഞ്ഞിരിക്കുന്ന തീയതിമുതൽ ബോർഡ് പിരിച്ചുവിടാവുന്നതാണ്.

(2) ബോർഡ് പിരിച്ചുവിട്ടുകൊണ്ട് (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിച്ച ഒരു വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണത്തോടുകൂടി. -

(എ) ബോർഡിന്റെ ചെയർമാനും മറ്റെല്ലാ ഡയറക്ടർമാരും പിരിച്ചുവിട്ട തീയതിമുതൽ അവരുടെ അങ്ങനെയുള്ള ഔദ്യോഗിക സ്ഥാനങ്ങൾ ഒഴിയേണ്ടതും;

(ബി) ഈ ആക്ടിലെ വ്യവസ്ഥകൾപ്രകാരമോ അതിൻകീഴിലോ ബോർഡോ ചെയർമാനോ അല്ലെങ്കിൽ ബോർഡിനുവേണ്ടിയോ ചെയർമാനുവേണ്ടിയോ വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യാമായിരുന്ന എല്ലാ അധികാരങ്ങളും കർത്തവ്യങ്ങളും പിരിച്ചുവിട്ട തീയതിമുതൽ, സർക്കാരോ അല്ലെങ്കിൽ ഇതിനായി സർക്കാർ നിയമിക്കാവുന്ന അധികാരിയോ ആളോ വിനിയോഗിക്കുകയും നിർവ്വഹിക്കുകയും ചെയ്യേണ്ടതും;

(സി) ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള എല്ലാ ഫണ്ടുകളും മറ്റു സ്വത്തുക്കളും സർക്കാരിൽ നിക്ഷിപ്തമാകുന്നതും;

(ഡി) ബോർഡിനെതിരെ നിയമപരമായി നിലനിൽക്കുന്നതും ഈടാക്കാവുന്നതുമായ എല്ലാ ബാദ്ധ്യതകളും സർക്കാരിൽനിന്നും അതിൽ നിക്ഷിപ്തമായിട്ടുള്ള ഫണ്ടുകളുടേയും സ്വത്തുക്കളുടേയും വ്യാപ്തിയോളം ഈടാക്കാവുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(3) ഈ വകുപ്പിലെ യാതൊന്നുംതന്നെ സർക്കാർ ഈടുനൽകിയിട്ടുള്ള ബോണ്ടുകളെയും കടപ്പത്രങ്ങളെയും സംബന്ധിച്ചുള്ള അതിന്റെ ബാദ്ധ്യതയെ ബാധിക്കുന്നതല്ല.

19. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് നിരോധനം. - ഈ ആക്ടോ പദ്ധതിയോ പ്രകാരമോ അതിൻകീഴിലോ സർക്കാരോ ബോർഡോ അല്ലെങ്കിൽ സർക്കാരോ ബോർഡോ അധികാരപ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ പരിഹരിക്കുകയോ തീരുമാനിക്കുകയോ കൈകാര്യം ചെയ്യുകയോ നിശ്ചയിക്കുകയോ ചെയ്യേണ്ടതായ ഏതെങ്കിലും പ്രശ്നം പരിഹരിക്കുവാനോ തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ അല്ലെങ്കിൽ ഏതെങ്കിലും കാര്യം നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൾ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

20. വൈഷമ്യങ്ങൾ നീക്കം ചെയ്യൽ :- (1) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിൽ എന്തെങ്കിലും വൈഷമ്യമുണ്ടാകുന്ന പക്ഷം സർക്കാരിന് ആ വൈഷമ്യം നീക്കം ചെയ്യുന്നതിനായി ആവശ്യമെന്ന് തങ്ങൾക്ക് തോന്നുന്നതും ഈ ആക്ടിനോ അതിൻകീഴിലുണ്ടാക്കിയ പദ്ധതിക്കോ വിരുദ്ധമല്ലാത്തതുമായ ഏത് കാര്യവും സന്ദർഭമനുസരിച്ച് ഉത്തരവുമൂലം ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം പുറപ്പെടുവിക്കുന്ന ഓരോ ഉത്തരവും സംസ്ഥാന നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

21. പദ്ധതി രൂപഭേദപ്പെടുത്തൽ. - (1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി പിൽക്കാല പ്രാബല്യത്തോടെയോ മുൻകാല പ്രാബല്യത്തോടെയോ പദ്ധതിയിൽ കൂട്ടിച്ചേർക്കുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യതിയാനം വരുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പുപ്രകാരം ഉണ്ടാക്കിയ ഏതൊരു വിജ്ഞാപനവും അത് പുറപ്പെടുവിച്ചതിനുശേഷം കഴിയുന്നതും വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ - അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാം - ആകെ പതിനാലു ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത വിജ്ഞാപനത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ അഥവാ ആ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ വിജ്ഞാപനത്തിന്, അതിനുശേഷം അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്തപ്രകാരത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ വിജ്ഞാപനപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

22. റദ്ദാക്കലും ഒഴിവാക്കലും. - (1) 1999-ലെ കേരള വ്യവസായ പുനരുദ്ധാരണ നിധി ഓർഡിനൻസ് (1999-ലെ 1) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ടിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പട്ടിക

[3(6) വകുപ്പ് കാണുക]

പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന സംഗതികൾ

1. സംരംഭങ്ങൾക്ക് സഹായത്തിനുള്ള അർഹത.

2. സഹായം ഏത് ആവശ്യങ്ങൾക്കൊക്കെ നൽകാമെന്ന്.

3. സഹായം നൽകേണ്ട വിധം.

4. പലിശയും പിഴ തുകകളും.

5. സഹായത്തിനുള്ള ഈട്.

6. മൂല്യനിർണ്ണയവും അനുമതി നൽകുന്നതിനുള്ള നടപടിക്രമവും.

7. വിതരണത്തിനുള്ള നടപടിക്രമം.

8. മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിനെയോ നിർവ്വഹണ കരാറിനെയോ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ.

9. തിരിച്ചുപിടിക്കുന്നതിനുള്ള നടപടിക്രമം.

10. മോണിറ്ററിംഗ് സംവിധാനം.

11. അധിക നിധികളുടെ നിക്ഷേപം.

12. ബോർഡിന്റെ സമ്മേളനങ്ങളും കോറവും ബോർഡിലെ ഡയറക്ടർമാരുടെ ഫീസുകളും ബത്തകളും.

13. കണക്കുകൾ സൂക്ഷിക്കേണ്ട രീതിയും ബഡ്ജറ്റ് തയ്യാറാക്കലും കണക്കുകളുടെ ആഡിറ്റും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കലും.

14. ബോർഡിന്റെ ഡയറക്ടർമാരെ തിരഞ്ഞെടുക്കേണ്ടവിധം.

15. നിധിയുടെ ഭരണനിർവ്വഹണത്തിൽ ഉണ്ടാകുന്ന ചെലവുകൾ നിർവ്വഹിക്കുന്നതിനുള്ള നടപടിക്രമം.

16. ബോർഡിന്റെ ഫണ്ട് മാനേജരുടേയും ഓഫീസർമാരുടേയും ജീവനക്കാരുടേയും നിയമനരീതിയും ശമ്പളവും ബത്തകളും അച്ചടക്കവും സേവന വ്യവസ്ഥകളും.

17. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ആവശ്യമായേക്കാവുന്നതോ യുക്തമായതോ ആയ മറ്റേതെങ്കിലും സംഗതി.

കെ. ഗോപാലകൃഷ്ണൻ ഉണ്ണിത്താൻ
സെക്രട്ടറി (ഇൻ-ചാർജ്ജ്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
1999 ഏപ്രിൽ 6.

LIBRARY ARCHIVES Kerala Legislative Assembly